04
2026
ആഗസ്റ്റ്
ചൊവ്വ
കർക്കിടകം 19

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 153 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-153 | പേജ് 4. വില 2.00 രൂപ




02 ലാൻഡ് ചെയ്യുന്നതിനിടെ വിമാനത്തിന് സമീപം അജ്ഞാത വസ്തു
03 സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ വനിതാ ജില്ലാ കമ്മിറ്റിക്ക് പുതിയ നേതൃത്വം
04 ഡാമുകളിൽ നിന്ന് വെള്ളമൊഴുക്കുന്നു എന്നത് വ്യാജ പ്രചാരണം: മുഖ്യമന്ത്രി

## തീരമേഖല ആശങ്കയിൽ

# മത്സ്യത്തൊഴിലാളികൾക്ക് തിരിച്ചടിയായി കാലാവസ്ഥ

വലിയതുറ: വെള്ളിയാഴ്ച രാത്രി മുതൽ ഇടവിട്ട് ശക്തമായി പെയ്യുന്ന മഴയിൽ ശംഖുംമുഖം, കണ്ണാന്തുറ, വെട്ടുകാട്, കൊച്ചുവേളി മേഖലയിൽ കടലിനോട് ചേർന്ന് താമസിക്കുന്ന ജനം ഏറെ ആശങ്കയിൽ. മഴ കടുത്തതോടെ ശംഖുംമുഖം, കണ്ണാന്തുറ ഭാഗങ്ങളിൽ ശക്തമായ കടലാക്രമണമാണ് ഉണ്ടായിട്ടുള്ളത്. നിലവിൽ ഭീഷണിയില്ലെങ്കിലും മഴ ശക്തമാകുകയാണെങ്കിൽ കടലിനോട് ചേർന്ന് നിലകൊള്ളുന്ന നിരവധി വീടുകൾ കടലാക്രമണത്തിന് വിധേയമാകുമെന്നാണ് തീരദേശ വാസികൾ പറയുന്നത്.



വലിയതുറ ഭാഗത്ത് കടൽ ഭിത്തി നിർമാണം പൂർത്തിയായതിനാൽ ഇവിടെ തിരമാലകൾ ശക്തമായി വീശിയടുക്കുന്നുണ്ടെങ്കിലും ജനങ്ങൾക്ക് ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നാണ് സമീപവാസികളും വാർഡ് കൗൺസിലറും പറയുന്നത്. പൂന്തുറ, കൊച്ചുവേളി ഭാഗങ്ങളിലും ശക്തമായ കടലാക്രമണം ഉണ്ടായിട്ടുള്ളതായി പ്രദേശവാസികൾ പറയുന്നു.

ട്രോളിംഗ് നിരോധനത്തിന് ശേഷമുള്ള രണ്ടു ദിവസവും മത്സ്യത്തൊഴിലാളികളുടെ പ്രതീക്ഷയ്ക്കൊത്തുയർന്നില്ല. കാലാവസ്ഥ മുന്നറിയിപ്പു കാരണം പല ബോട്ടുകളും കടലിൽ പോയില്ല. പോയ ബോട്ടുകൾക്ക് കാര്യമായ രീതിയിൽ മീൻ ലഭിച്ചതും ഇല്ല. വലുതും ഇടത്തരവുമായ കിളിമീനുകൾ, വെള്ള കണവ എന്നിവയാണ് ആദ്യ രണ്ട് ദിനത്തിൽ ബോട്ടുകൾക്ക് ലഭ്യമായത്.

പ്രതികൂല കാലാവസ്ഥ ഈ മേഖലയ്ക്ക് തിരിച്ചടിയാവുകയാണ്. കിളിമീൻ, കരിക്കാടി, കഴന്തൻ, കണവ തുടങ്ങിയ മീനുകൾ വരുംദിവസങ്ങളിൽ ബോട്ടുകൾക്ക് ലഭിക്കുമെന്ന പ്രതീക്ഷയിലാണ്. ആദ്യദിനത്തിൽ 40 ഓളം ബോട്ടുകളും രണ്ടാം ദിനത്തിൽ നൂറോളം ബോട്ടുകളും മാത്രമാണ് കടലിൽ പോയത്. ഇന്നും നാളെയും കേന്ദ്ര കാലാവസ്ഥ വിഭാഗത്തിൻറെ മുന്നറിയിപ്പ് ഉള്ളതുകൊണ്ട് മിക്ക ബോട്ടുകളും കടലിൽ പോകാതെ കിടക്കുകയാണ്.

മത്സ്യബന്ധനം കഴിഞ്ഞ് തിരികെയെത്തിയ ബോട്ടുകൾക്ക് ലഭിച്ചത് കിളിമീനായിരുന്നു. അതേസമയം, പോയിട്ടുള്ള വലിയ ട്രോളിംഗ് ബോട്ടുകൾ എത്താൻ ഒരാഴ്ചയിലേറെ ഇനിയുമെടുക്കും. ഇവരിലാണ് വ്യാപാരികളുടെ പ്രതീക്ഷ മുഴുവൻ. കയറ്റുമതിയിനങ്ങൾ സാധാരണ എത്തിക്കുക ഇക്കൂട്ടരാണ്. 52 ദിവസത്തെ വറുതി മാറാൻ നല്ല ചാകരയും വിലയും കിട്ടണം. ശക്തികുളങ്ങര, നീണ്ടകര, അഴീക്കൽ തുറുഖങ്ങളിൽനിന്നുമാണ് ബോട്ടുകൾ കടലിലിറങ്ങിയത്. ഇന്നലെ ഹാർബറുകളിൽ എത്തിയ ബോട്ടുകൾക്ക് 50000 രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ കിട്ടി. കടമായി വന്ന ബോട്ടുകളും ഉണ്ട്. ഹാർബറുകളിൽ കമ്പനികൾക്കായുള്ള ചരക്കുകൾ എത്തിതുടങ്ങിയിട്ടില്ല. വരും ദിവസങ്ങളിൽ ഏറെ പ്രതീക്ഷയിലാണ് ഈ മേഖല. ചെറിയ ബോട്ടുകൾക്ക് പ്രതിദിനം ഡീസൽ, ഐസ്, തൊഴിലാളികളുടെ ചെലവ് ഉൾപ്പെടെ ഏകദേശം 50000 രൂപയ്ക്ക് മുകളിൽ ചിലവ് വരുമ്പോൾ 70 മുതൽ 110 അടി വരെയുള്ള വലിയ ബോട്ടുകൾക്ക് ഒരു ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപ വരെ ചെലവ് വരുമെന്ന് ബോട്ട് ഉടമകൾ പറയുന്നു.

വലിയ ബോട്ടിൽ ഡ്രൈവർ, സ്രാങ്ക് ഉൾപ്പെടെ 13 വരെ തൊഴിലാളികളും ചെറിയ ബോട്ടുകളിലായി ഏകദേശം എട്ടുവരെ തൊഴിലാളികളുമുണ്ടാകും. വലിയ ബോട്ടുകൾ ഏറിയ ഭാഗവും ആഴ്ചകൾനീണ്ട മത്സ്യബന്ധനത്തിനാണ് പോകാറുള്ളത്. രജിസ്ട്രേഷൻ ഇല്ലാതെയും ലൈസൻസ് പുതുക്കാതെയം കളർ കോഡ് ഇല്ലാതെയും ജീവൻ രക്ഷാ ഉപകരണങ്ങളായ ലൈഫ് ബോയ, ജാക്കറ്റ് ഇവ ഇല്ലാതെയും കടലിൽ പോകുന്ന യാനങ്ങൾക്കെതിരേ കെഎംഎഫ്ആർഎ ആക്ട് പ്രകാരം ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് മറൈൻ എൻഫോഴ്സ്മെൻറ് വിഭാഗം അറിയിച്ചിട്ടുണ്ട്.

## 'മുർബേൺ' ശാസ്ത്ര ചർച്ചക്ക് തുടക്കമായി

കൊച്ചി: കോശങ്ങളിലെ ജൈവ പ്രക്രിയകളെക്കുറിച്ചുള്ള പുതിയ ശാസ്ത്രീയ നിരീക്ഷണമായ 'മുർബേൺ' സിദ്ധാന്തത്തെക്കുറിച്ചുള്ള ദേശീയ ചർച്ച സിഎംഎഫ്ആർഐയിൽ തുടങ്ങി.

കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ശാസ്ത്രീയ അറിവുകളെ കൂടുതൽ പരിഷ്കരിക്കുന്നതിന് നിരന്തരമായ അന്വേഷണങ്ങളും വിമർശനാത്മകമായ സംവാദങ്ങളും അത്യാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

സ്വദേശി ശാസ്ത്ര പ്രസ്ഥാനവും അമൃത വിശ്വവിദ്യാപീഠവും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

മുർബേൺ സിദ്ധാന്തവുമായി ബന്ധപ്പെട്ട ഗവേഷണപ്രവർത്തനങ്ങൾക്ക് പ്രൊഫ. കേലത്ത് മുരളി മനോജിനെ സ്വദേശി ശാസ്ത്ര പ്രസ്ഥാനം ചടങ്ങിൽ ആദരിച്ചു. മറൈൻ ഫിഷറീസ് മേഖലയിലെ സംയുക്ത ഗവേഷണങ്ങൾക്കായി സിഎംഎഫ്ആർഐയും എൻവയോൺമെന്റൽ ഡിഫൻസ് ഇന്ത്യ ഫൗണ്ടേഷനും (ഇഡിഐഎഫ്) തമ്മിലുള്ള ധാരണാപത്രം ചടങ്ങിൽ കൈമാറി. കടൽ പായൽ ഉപയോഗിച്ച് സിഎംഎഫ്ആർഐ നിർമിച്ച കടൽമീൻ സീവീഡ് സോപ്പും സിഎംഎഫ്ആർഐയുടെ ശാസ്ത്ര പ്രസിദ്ധീകരണവും ചടങ്ങിൽ പ്രകാശനം ചെയ്തു.

സ്വദേശി ശാസ്ത്ര പ്രസ്ഥാനം പ്രസിഡന്റ് പ്രൊഫ. വി. ശിവകുമാർ അധ്യക്ഷത വഹിച്ചു.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, അമൃത വിശ്വവിദ്യാപീഠം മെഡിക്കൽ റിസർച്ച് ഡീൻ പ്രൊഫ. ഡി. വാസുദേവൻ, വിജ്ഞാൻ ഭാരതി സെക്രട്ടറി ജനറൽ വിവേകാനന്ദ പൈ, പ്രൊഫ. കേലത്ത് മുരളി മനോജ്, ഡോ. കെ. മുരളീധരൻ, ഡോ. ആശിഷ് ഖണ്ടേൽവാൽ തുടങ്ങിയവർ സംസാരിച്ചു. വിവിധ പ്രമുഖ സ്ഥാപനങ്ങളിൽ നിന്നുള്ള ശാസ്ത്രജ്ഞരും ഗവേഷകരും വിദ്യാർഥികളും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.




സിഎംഎഫ്ആർഐയിൽ ആരംഭിച്ച മുർബേൺ' സിദ്ധാന്തത്തെക്കുറിച്ചുള്ള ദേശീയ ചർച്ച കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. പി. രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

## ഐ. ഐ. ടി. ബോംബെയിൽ നിന്ന് സോഷ്യോളജിയിൽ ഡോക്ടറേറ്റ് നേടി റോബിൻ ടൈറ്റസ്

കൊല്ലം: ശക്തികുളങ്ങര സ്വദേശിയും ശക്തികുളങ്ങര റോമൻ കത്തോലിക്ക ഇടവകാംഗവുമായ റോബിൻ ടൈറ്റസ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐ. ഐ. ടി. ) ബോംബെയിൽ നിന്ന് സോഷ്യോളജിയിൽ ഡോക്ടറേറ്റ് നേടി.



മത്സ്യമേഖലയിലെ വികസനവും ഗൾഫ് കുടിയേറ്റവും കേരളത്തിലെ ലത്തീൻ കത്തോലിക്ക മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ജീവിതത്തിലും കുടുംബഘടനയിലും സമൂഹബന്ധങ്ങളിലും ഉണ്ടായ പരിവർത്തനങ്ങളെ ആഴത്തിൽ വിശകലനം ചെയ്യുന്ന പഠനമാണിത്. തീരദേശ സമൂഹങ്ങളുടെ സാമൂഹിക മാറ്റങ്ങളെ മനസ്സിലാക്കുന്നതിനും നയരൂപീകരണ പഠനങ്ങൾക്കും ഈ ഗവേഷണം ശ്രദ്ധേയമായ സംഭാവന നൽകുന്നതായി അക്കാദമിക രംഗം വിലയിരുത്തുന്നു. മത്സ്യത്തൊഴിലാളി കുടുംബത്തിൽ ജനിച്ച റോബിൻ ടൈറ്റസ് കഠിനാധ്വാനവും അക്കാദമിക മികവും കൈമുതലാക്കിയാണ് രാജ്യത്തെ ഏറ്റവും മികച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലൊന്നായ ഐ. ഐ. ടി. ബോംബെയിൽ ഗവേഷണത്തിന് അവസരം നേടിയത്. സ്വന്തം സമൂഹത്തിന്റെ ജീവിതാനുഭവങ്ങളെയും സാമൂഹിക പരിവർത്തനങ്ങളെയും ആസ്പദമാക്കിയുള്ള അദ്ദേഹത്തിന്റെ പഠനം ദേശീയ അക്കാദമിക ശ്രദ്ധ നേടിയിട്ടുണ്ട്. വിദ്യാർത്ഥി ജീവിതം മുതൽ തന്നെ നേതൃത്വമികവും വാഗ്മിത്വവും പ്രകടിപ്പിച്ച റോബിൻ, സെന്റ് അലോഷ്യസ് ഹയർ സെക്കൻഡറി സ്കൂളിൽ 2004-ൽ സ്കൂൾ ലീഡറായും 2006-ൽ സ്കൂൾ ചെയർമാനായും തിരഞ്ഞെടുക്കപ്പെട്ടു. 2004-ൽ കെ. സി. എസ്. എൽ സംസ്ഥാന ചെയർമാനായി പ്രവർത്തിച്ച അദ്ദേഹം, കേരള സർവകലാശാല യുവജനോത്സവത്തിൽ പ്രസംഗ, വാദപ്രതിവാദ മത്സരങ്ങളിൽ ജേതാവായും ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. മത്സ്യത്തൊഴിലാളിയായ പിതാവ് ടൈറ്റസ് മാത്തായിയും മാതാവും സാമ്പത്തികവും ജീവിതപരവുമായ നിരവധി വെല്ലുവിളികൾ അതിജീവിച്ചാണ് മകന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് അടിത്തറ പാകിയത്. സഹോദരി ടിൻസി സ്റ്റാലിനും സഹോദരീഭർത്താവ് സ്റ്റാലിൻ സെബാസ്റ്റ്യനും എല്ലാ ഘട്ടങ്ങളിലും പിന്തുണ നൽകി. ഗവേഷണകാലം മുഴുവൻ ഭാര്യ അനീഷാ ഉഷ ആന്റോ നൽകിയ സ്നേഹപൂർവമായ പ്രോത്സാഹനവും സഹകരണവും ഈ ഡോക്ടറേറ്റ് നേട്ടത്തിലേക്കുള്ള യാത്രയിൽ നിർണായകമായി. മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്ന് ഉയർന്നുവന്ന് സ്വന്തം സമൂഹത്തിന്റെ ജീവിതപരിവർത്തനങ്ങളെ ലോകോത്തര അക്കാദമിക വേദിയിൽ ഗവേഷണവിഷയമാക്കിയ റോബിൻ ടൈറ്റസിന്റെ നേട്ടം തീരദേശ സമൂഹത്തിനാകെ അഭിമാനമാണ്. വിദ്യാഭ്യാസരംഗത്ത് ഉയരങ്ങൾ കീഴടക്കാൻ ആഗ്രഹിക്കുന്ന യുവതലമുറയ്ക്കും പ്രത്യേകിച്ച് തീരദേശ വിദ്യാർത്ഥികൾക്കും അദ്ദേഹത്തിന്റെ വിജയയാത്ര പ്രചോദനമാണ്. സാമൂഹിക, വിദ്യാഭ്യാസ, സാംസ്കാരിക, മതരംഗങ്ങളിലെ നിരവധി പ്രമുഖർ അദ്ദേഹത്തെ അഭിനന്ദിച്ചു.

## മുതലപ്പൊഴി കടലിൽ കാണാതായ ഫ്രീമോൻെറ മൃതദേഹം തീരത്തടിഞ്ഞു

ചിറയിൻകീഴ്: മുതലപ്പൊഴി അപകടത്തിൽ കാണാതായ യുവാക്കളിൽ ഒരാളുടെ മൃതദേഹം കരയ്ക്കടിഞ്ഞു. അഞ്ചുതെങ്ങ് കൊച്ചുമേത്തൻകടവ് കടവത്ത് പുരയിടത്തിൽ അമ്പിളി ഹൗസിൽ ഫ്രീമോൻറെ (26) മൃതദേഹമാണ് കണ്ണാന്തുറയിൽനിന്നു കണ്ടെത്തിയത്. മൃതദേഹം ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെത്തിച്ച് പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാക്കിയ ശേഷം ബന്ധുക്കൾക്ക് കൈമാറി. സംസ്കാര ചടങ്ങുകൾ ഇന്നു രാവിലെ 9.30ന് അഞ്ചുതെങ്ങ് സെൻറ് പീറ്റേഴ്സ് ദേവാലയത്തിൽ നടക്കും. ഫ്രീമോൻറെ പിതാവ് രജനികുമാർ വിദേശത്താണ്. അദ്ദേഹം ഇന്നു നാട്ടിലെത്തും. അതിനു ശേഷം ആകും സംസ്കാരം. അതുവരെ ചിറയിൻകീഴ് താലൂക്ക് ആശുപത്രി മോർച്ചറിയിൽ സൂക്ഷിക്കും. വെള്ളിയാഴ്ച രാത്രി ഒമ്പതോടെ മുതലപ്പൊഴി ഹാർബറിനു സമീപത്തെ കടലിലാണ് അപകടമുണ്ടായത്. ജോസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള വള്ളത്തിൽ മറ്റു നാലു മത്സ്യത്തൊഴിലാളികളുമായി കടലിലേക്കു പോകവേയാണ് വള്ളം മറിഞ്ഞ് അപകടമുണ്ടായത്. കരയിലേക്ക് നീന്തിയ ജോസിനെയും സ്മിത്തിനെയും മറ്റു മത്സ്യത്തൊഴിലാളികൾ രക്ഷിച്ചു. ഷിജിൻ, ഫ്രീമോൻ എന്നിവർ പുലിമുട്ടിനോട് അടുത്തുവരെ നീന്തിയെത്തിയതായി മറ്റു മത്സ്യത്തൊഴിലാളികൾ കണ്ടിരുന്നു. എന്നാൽ ഇതിനുശേഷം ഇരുവരേയും കാണാതാവുകയായിരുന്നു. ഷിജിനു വേണ്ടിയുള്ള തെരച്ചിൽ തുടരുകയാണ്. ഫ്രീമോൻ അവിവാഹിതനാണ്. അമ്മ: അമ്പിളി. സഹോദരങ്ങൾ: ജനിഫർ, ഏയ്ഞ്ചൽ.






മുലയൂട്ടൽ വാരാചരണം സംസ്ഥാനതല ഉദ്ഘാടനം മന്ത്രി കെ മുരളീധരൻ നിർവഹിക്കുന്നു



മുലയൂട്ടൽ ദിനാചരണത്തിന്റെ ഭാഗമായി ഹ്യൂമൻ മിൽക്ക് ബാങ്കിലേക്ക് മുലപ്പാൽ ദാനം ചെയ്ത അമ്മമാരെ മന്ത്രി കെ മുരളീധരൻ ആദരിക്കുന്നു

# ആരോഗ്യമുള്ള തലമുറക്ക് മുലയൂട്ടൽ അനിവാര്യം: മന്ത്രി കെ മുരളീധരൻ

## മുലയൂട്ടൽ വാരാചരണം സംസ്ഥാനതല ഉദ്ഘാടനം നടന്നു

ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാൻ കുഞ്ഞ് ജനിച്ച ആദ്യ മണിക്കൂറിനുള്ളിൽ തന്നെ മുലയൂട്ടൽ ആരംഭിക്കുകയും ആദ്യ ആറുമാസം മുലപ്പാൽ മാത്രം നൽകുകയും ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ പറഞ്ഞു.

ലോക മുലയൂട്ടൽ വാരാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം എസ് എ ടി ആശുപത്രിയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ മുലയൂട്ടലിനെക്കുറിച്ചുള്ള അവബോധക്കുറവ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. അത്തരം കുടുംബങ്ങളിലേക്ക് ആരോഗ്യപ്രവർത്തകരും ആശാ പ്രവർത്തകരും കൂടുതൽ സജീവമായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തണം. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വീടുകളിലെത്തി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിലൂടെ കുഞ്ഞുങ്ങളുടെ ആരോഗ്യസംരക്ഷണത്തിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയുമെന്നും മന്ത്രി വ്യക്തമാക്കി.

കുഞ്ഞിന്റെ വളർച്ചയ്ക്കും പ്രതിരോധശേഷിക്കും ഏറ്റവും മികച്ച പോഷകാഹാരമാണ് മുലപ്പാൽ. പ്രസവശേഷം അമ്മമാർക്ക് ആത്മവിശ്വാസം നൽകുകയും മുലയൂട്ടലിന് ആവശ്യമായ പിന്തുണ ഉറപ്പാക്കുകയും ചെയ്യേണ്ടത് ആരോഗ്യസംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.

സുരക്ഷിത പ്രസവം പ്രോത്സാഹിപ്പിക്കുന്നതിലും അമ്മയുടെയും കുഞ്ഞിന്റെയും മരണനിരക്ക് കുറയ്ക്കുന്നതിലും കേരളം കൈവരിച്ച നേട്ടങ്ങൾ നിലനിർത്താൻ ആരോഗ്യവകുപ്പ് വിവിധ പദ്ധതികൾ ശക്തമായി നടപ്പാക്കിവരികയാണ്.

അമ്മയുടെയും കുഞ്ഞിന്റെയും ജീവൻ അപകടപ്പെടുത്തുന്ന വീടുകളിൽ നടത്തുന്ന പ്രസവത്തെ നിരുൽസാഹപ്പെടുത്തണം. പൊതുജനാരോഗ്യ സംരക്ഷണത്തിൽ സർക്കാർ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് സ്വീകരിക്കുന്നത്. ഭക്ഷ്യസുരക്ഷയുൾപ്പെടെയുള്ള വിഷയങ്ങളിൽ പരിശോധനകളും നടപടികളും കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. മഴ രൂക്ഷമായ സാഹചര്യത്തിൽ പകർച്ച വ്യാധികളെ പ്രതിരോധിക്കുന്നതിൽ എല്ലാവരും ജാഗ്രത പാലിക്കണം.നിലവിൽ ദുരിതാശ്വാസ ക്യാമ്പുകളിലടക്കം ആവശ്യമായ മരുന്നുകൾ ആരോഗ്യ വകുപ്പ് കരുതിയിട്ടുള്ളതായും ആശങ്കയുടെ ആവശ്യം നിലവില്ലെന്നും മന്ത്രി പറഞ്ഞു.

എസ് എ ടി ആശുപത്രിയിലെ മുലപ്പാൽ ബാങ്കിലേക്ക് പാൽ ദാനം ചെയ്യാൻ സന്നദ്ധരായ അമ്മമാരെ ചടങ്ങിൽ മന്ത്രി ആദരിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 'ജീവാമൃതം' എന്ന പേരിൽ പ്രവർത്തിക്കുന്ന ഹ്യൂമൻ മിൽക്ക് ബാങ്ക് കഴിഞ്ഞ ഏഴ് മാസത്തിനിടെ ശ്രദ്ധേയമായ നേട്ടമാണ് കൈവരിച്ചത്. 315 ദാതാക്കളിൽ നിന്നായി ഏകദേശം 100 ലിറ്റർ മുലപ്പാൽ ശേഖരിക്കുകയും അതിൽ 80 ലിറ്ററോളം പാൽ 270 രോഗബാധിതരും കുറഞ്ഞ ഭാരമുള്ളവരും നേരത്തെ ജനിച്ചവരുമായ കുഞ്ഞുങ്ങൾക്ക് നൽകുകയും ചെയ്തു.

വി മുരളീധരൻ എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ വി മീനാക്ഷി സ്വാഗതമാശംസിച്ചു. വാർഡ് കൗൺസിലർ എസ് എസ് സിന്ധു, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ വി വിശ്വനാഥൻ, ആരോഗ്യ കേരളം ഡയറക്ടർ അനു എസ് നായർ, ജില്ലാ മെഡിക്കൽ ഓഫീസർ ബിന്ദു മോഹൻ എന്നിവർ സംബന്ധിച്ചു.

ഓഗസ്റ്റ് 1 മുതൽ 7 വരെ ലോക മുലയൂട്ടൽ വാരമായാണ് ആചരിക്കുന്നത്. 'മുലയൂട്ടൽ: ജീവിതത്തിന്റെ സുസ്ഥിരമായ തുടക്കത്തിന്' എന്നതാണ് ഈ വർഷത്തെ സന്ദേശം. ജനിച്ച് ആദ്യ ഒരു മണിക്കൂറിനുള്ളിൽ കുഞ്ഞിന് കൊളസ്ട്രം ഉൾപ്പെടെയുള്ള മുലപ്പാൽ നൽകുക, ആദ്യ ആറുമാസം മുലപ്പാൽ മാത്രം നൽകുക, തുടർന്ന് രണ്ടുവർഷമെങ്കിലും മുലയൂട്ടൽ തുടരുക എന്നീ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനാണ് വാരാചരണത്തിന് പ്രാധാന്യം നൽകുന്നത്.

# പാണക്കാട് മണ്ണിടിച്ചിൽ; തലനാരിഴയ്ക്ക് ഒഴിവായത് വൻ അപകടം

പാണക്കാട്: മലപ്പുറം പാണക്കാട് വേങ്ങര റോഡിലേക്ക് കുന്നിൻ ചെരുവിൽ നിന്ന് വൻതോതിൽ മണ്ണിടിഞ്ഞു. ആളുകൾ രണ്ടു ഭാഗങ്ങളിലേക്ക് ഓടിയതിനാൽ വൻ അപകടം ഒഴിവായി. നിർമ്മാണ പ്രവർത്തി ആരംഭിച്ച ഭാഗത്താണ് മണ്ണിടിഞ്ഞത്. ഇതുവഴിയുള്ള ഗതാഗതവും നിരോധിച്ചു. രാവിലെ എട്ടോടെയാണ് മണിയോടെയാണ് പാണക്കാട് റോഡിലേക്ക് കുത്തനെയുള്ള ചെരിവിൽ നിന്ന് മണ്ണിടിഞ്ഞു തുടങ്ങിയത്. മണ്ണും കല്ലുകളും റോഡിലേക്ക് പതിച്ചു. വീണ്ടും തുടർച്ചയായി മണ്ണ് ഇടിയുന്നുണ്ടായിരുന്നു. ഒന്പതരയോടെ വലിയ മൺകൂന പൂർണമായും താഴേക്ക് പതിച്ചു. മരങ്ങളും കല്ലുകളും ഒലിച്ചിറങ്ങി.

മാധ്യമപ്രവർത്തകരെല്ലാം നാട്ടുകാരും സംഭവസ്ഥലത്ത് ഉണ്ടായിരുന്നു. ഓടി രക്ഷപ്പെടുന്നതിനിടയിൽ മലപ്പുറം കൈരളി ടിവി ക്യാമറമാൻ ജയേഷിന് നിസാര പരിക്കേറ്റു. മണ്ണ് ഇടിഞ്ഞുതുടങ്ങിയത് മുതൽ തന്നെ ഗതാഗത നിരോധിച്ചതും, പോലീസ് ഇടപെട്ട് ജനങ്ങളെ രണ്ടു ഭാഗങ്ങളിലേക്ക് മാറ്റിയതും വലിയ അപകടം ഒഴിവാക്കി. ആളുകൾക്ക് ഓടി രക്ഷപ്പെടാൻ കഴിഞ്ഞതും ആശ്വാസമായി. മലപ്പുറം ചെട്ടിപ്പടി സ്വദേശി നൗഫൽ കടക്കാടൻ നടത്തിയ നിർമാണം തീർത്തും അനധികൃതമാണെന്നും മുഖം നോക്കാതെ കർശന നടപടി സ്വീകരിക്കുമെന്നും നഗരസഭാ ചെയർപേഴ്സൺ വ്യക്തമാക്കി.

ജിയോളജി വകുപ്പ് നൽകിയ പാറ പൊട്ടിക്കാനുള്ള അനുമതി ജൂൺ 19-നും നഗരസഭ നൽകിയ മണ്ണെടുക്കാനുള്ള അനുമതി ജൂൺ 20-നും അവസാനിച്ചിരുന്നതായി അധികൃതർ അറിയിച്ചു. തുടർന്ന്, അനധികൃത നിർമാണത്തിന് നൽകിയ ലൈസൻസ് ഉടൻ റദ്ദാക്കാൻ മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി നഗരസഭയ്ക്ക് നിർദേശം നൽകിയിട്ടുണ്ട്.

# സർട്ടിഫിക്കറ്റ് ഹാജരാക്കണം

മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് തൊഴിലിനും വിദ്യാഭ്യാസത്തിനും 10 ശതമാനം സംവരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിൻമേൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ ഈ ആനുകൂല്യം ലഭിക്കുന്നതിലേക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന ഉദ്യോഗാർഥികൾ സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുള്ള അധികാരികളിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കി അടിയന്തരമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഹാജരാക്കണം. സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവർക്ക് മാത്രമേ ആനുകുല്യം ലഭിക്കുകയുള്ളു.

# സപ്ലൈകോയെ രാജ്യത്തിന് മാതൃകയായ വിപണി ഇടപെടൽ സ്ഥാപനമാക്കി മാറ്റും: മുഖ്യമന്ത്രി വി ഡി സതീശൻ

സപ്ലൈകോയെ സ്വയം പര്യാപ്തവും രാജ്യത്തിന് മാതൃകയുമായ വിപണി ഇടപെടൽ സ്ഥാപനമാക്കി മാറ്റുകയാണ് സംസ്ഥാന സർക്കാരിന്റെ ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. 73,024 പുതിയ മുൻഗണനാ റേഷൻ കാർഡുകളുടെയും 2,000 അന്ത്യോദയ അന്നയോജന (എ എ വൈ) റേഷൻ കാർഡുകളുടെയും സംസ്ഥാനതല വിതരണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാറിവരുന്ന സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളിൽ അർഹരായ നിരവധി കുടുംബങ്ങൾ മുൻഗണനാ റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായിരുന്ന സാഹചര്യം പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ റേഷൻ കാർഡുകൾ അനുവദിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. മാസങ്ങളായി തീർപ്പാകാതെ കിടന്ന അപേക്ഷകൾ സർക്കാർ നൂറുദിന കർമപദ്ധതിയിൽ ഉൾപ്പെടുത്തി അതിവേഗം പരിഗണിച്ചതിന്റെ ഫലമായാണ് 50,000 കാർഡുകൾ എന്ന പ്രാരംഭ ലക്ഷ്യം മറികടന്ന് 73,024 മുൻഗണനാ റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ കഴിഞ്ഞത്. 100 ദിന കർമപദ്ധതി പൂർത്തിയാകുന്നതിന് മുമ്പുതന്നെ പദ്ധതി നടപ്പാക്കിയതിലൂടെ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മികച്ച കാര്യക്ഷമതയാണ് പ്രകടിപ്പിച്ചതെന്നും മുഖ്യമന്ത്രി അഭിനന്ദിച്ചു.

ഓണക്കാലത്ത് സ്വാഭാവികവും കൃത്രിമവുമായി ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ സിവിൽ സപ്ലൈസ് വകുപ്പിനും സപ്ലൈകോയ്ക്കും നിർണായക പങ്കാണുള്ളത്. ഇതിനായി വിപണിയിൽ ശക്തമായ ഇടപെടലുകൾ നടത്തുകയും ആവശ്യമായ സാമ്പത്തിക പിന്തുണ സർക്കാർ ഉറപ്പാക്കുകയും ചെയ്യും. എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും ആവശ്യമായ ഭക്ഷ്യധാന്യങ്ങളും സബ്സിഡി സാധനങ്ങളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.സപ്ലൈകോയെ കൂടുതൽ ശക്തിപ്പെടുത്തി രാജ്യത്തിന് മാതൃകയായ വിപണി ഇടപെടൽ ഏജൻസിയാക്കി മാറ്റുന്നതിന് ആധുനിക സപ്ലൈ ചെയിൻ മാനേജ്മെന്റും സംഭരണ സംവിധാനങ്ങളും നടപ്പാക്കും. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വിളവെടുപ്പ് കാലത്ത് കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങൾ വാങ്ങി ആധുനിക ഗോഡൗണുകളിൽ സംഭരിച്ച് വിപണിയിൽ വില ഉയരുന്ന സമയത്ത് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്ന മാതൃക സപ്ലൈകോയിലും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കാനും ഉപഭോക്താക്കൾക്ക് കൂടുതൽ ആശ്വാസം നൽകാനും കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നിയോജക മണ്ഡലങ്ങളിലും സപ്ലൈകോ ഓണച്ചന്തകൾ സംഘടിപ്പിക്കുന്നു. ഇത്തവണ ചന്തകളുടെ പ്രവർത്തനദൈർഘ്യം നാല് ദിവസത്തിൽ നിന്ന് ആറ് ദിവസമാക്കി വർധിപ്പിച്ചിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിനും അല്ലാത്തവർക്കും ആവശ്യമായ അരിയും മറ്റ് അവശ്യ സാധനങ്ങളും മതിയായ അളവിൽ ലഭ്യമാക്കും. സാധാരണക്കാർക്ക് ആശങ്കയില്ലാതെ ഓണം ആഘോഷിക്കാൻ സർക്കാർ എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.ഭക്ഷ്യ പൊതു വിതരണ മന്ത്രി അനൂപ് ജേക്കബ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ആരോഗ്യ, ദേവസ്വം മന്ത്രി കെ മുരളീധരൻ മുഖ്യ പ്രഭാഷണം നടത്തി. ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് സ്വാഗതമാശംസിച്ചു സപ്ലൈകോ മാനേജിംഗ് ഡയറക്ടർ ജയകൃഷ്ണൻ വി എം, വാർഡ് കൗൺസിലർ കെ ആർ ക്ലീറ്റസ്, ലീഗൽ മെട്രോളജി കൺട്രോളർ രാജേഷ് സാം, പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മിഷണർ ഹിമ കെ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# ലാൻഡ് ചെയ്യുന്നതിനിടെ വിമാനത്തിന് സമീപം അജ്ഞാത വസ്തു

ലണ്ടൻ: യുകെയിലെ ഗാറ്റ്വിക് വിമാനത്താവളത്തിന് സമീപം ലാൻഡിംഗിനൊരുങ്ങിയ വിമാനത്തിന് തൊട്ടടുത്തുകൂടി ഡിസ്ക് രൂപത്തിലുള്ള അജ്ഞാത വസ്തു പറന്നുപോയതായി റിപ്പോർട്ട്. എയർബസ് എ319 വിമാനത്തിലെ പൈലറ്റാണ് വിമാനത്തിൻറെ ചിറകിനോട് തൊട്ടടുത്തുകൂടി ഈ വസ്തു കടന്നുപോയത് ആദ്യം കണ്ടത്.

സസെക്സ് ഗ്രാമീണ മേഖലയ്ക്ക് മുകളിലൂടെ വിമാനം താഴേക്ക് ഇറങ്ങുന്നതിനിടെയാണ് സംഭവം. വിമാനം ഇടതുവശത്തേക്ക് തിരിയുന്നതിനിടെ, വിമാനത്തിൻറെ അതേ ഉയരത്തിൽ വലതുവശത്തെ ചിറകിന് തൊട്ടടുത്തുകൂടി എതിർദിശയിലേക്കാണ് ഈ വസ്തു പാഞ്ഞുപോയത്. വിമാനത്തിൽ നിന്ന് വെറും 100 മുതൽ 300 അടി മാത്രം അകലെയായിരുന്നു ഇത്.

പറക്കും തളികയോടോ പ്രത്യേക തരത്തിലുള്ള ഡ്രോണിനോടോ സാദൃശ്യമുള്ള ഈ വസ്തുവിൻറെ അരികുകളിൽ കറുത്ത അടയാളങ്ങളും ഉണ്ടായിരുന്നുവെന്ന് പൈലറ്റ് വ്യക്തമാക്കുന്നു.

എന്നാൽ, വിമാനം ഇതിനകം തന്നെ തിരിയുന്ന ഘട്ടത്തിലായിരുന്നതിനാൽ പൈലറ്റിന് അടിയന്തരമായി മാറ്റേണ്ടി വന്നില്ല. സംഭവത്തെ തുടർന്ന് യുകെ എയർപ്രോക്സ് ബോർഡ് വിശദമായ അന്വേഷണം നടത്തി. ലാൻഡിംഗ് സമയത്ത് അപരിചിതമായ ഈ വസ്തു കാരണം വിമാനത്തിൻറെ സുരക്ഷയിൽ അല്പം ആശങ്കയുണ്ടായെങ്കിലും, അപകടസാധ്യത ഉണ്ടായിരുന്നില്ലെന്ന് അന്വേഷണ അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെത്തി. എങ്കിലും, ലഭിച്ച വിവരങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ ആകാശത്ത് കണ്ട ദുരൂഹ വസ്തു എന്താണെന്ന് സ്ഥിരീകരിച്ചിട്ടില്ല.

# കീം – 2026 ഫാർമസി കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2026-ലെ ഫാർമസി കോഴ്സിലേയ്ക്കുള്ള ഒന്നാംഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in ൽ പ്രസിദ്ധീകരിച്ചു. ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ആഗസ്റ്റ് 5 വൈകുന്നേരം 4 മണിക്ക് മുമ്പായി അതത് കോളേജുകളിൽ പ്രവേശനം നേടണം. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. വിശദ വിവരങ്ങൾക്ക് www.cee.kerala.gov.in സന്ദർശിക്കുക. ഫോൺ: 0471-2338487.

# എം. ടെക് സ്പോട്ട് അഡ്മിഷൻ

ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എൻജിനിയറിങ്ങിൽ എം.ടെക്കിനു ഒഴിവു വന്നിട്ടുള്ള (ഓട്ടോമോട്ടീവ് ഇലക്ട്രോണിക്സ്, മെഷീൻ ഡിസൈൻ, കംപ്യൂട്ടർ സയൻസ് ബ്രാഞ്ചുകളിൽ) സീറ്റുകളിലേക്ക് ഓഗസ്റ്റ് 4 മുതൽ 6 വരെ സ്പോട്ട് അഡ്മിഷൻ നടക്കും. താത്പര്യമുള്ളവർ രാവിലെ 11 ന് ബന്ധപ്പെട്ട രേഖകൾ സഹിതം കോളേജിൽ എത്തണം. വിശദവിവരങ്ങൾക്ക്: www.sctce.ac.in.

# സ്വാതന്ത്ര്യദിനാഘോഷം 2026: സംസ്ഥാനതല ആഘോഷത്തിന് വിപുലമായ ഒരുക്കങ്ങൾ; മുഖ്യമന്ത്രി രാവിലെ 9ന് അഭിവാദ്യം സ്വീകരിക്കും

സംസ്ഥാനതല സ്വാതന്ത്ര്യദിനാഘോഷം ആഗസ്റ്റ് 15ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വിപുലമായി സംഘടിപ്പിക്കും. രാവിലെ 8.45ന് ആരംഭിക്കുന്ന പരേഡിൽ 9 മണിക്ക് മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിക്കും. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന ഏകോപനയോഗം വിവിധ വകുപ്പുകൾക്കുള്ള ചുമതലകളും നിശ്ചയിച്ചു. കഴിഞ്ഞ വർഷങ്ങളിലെ മാതൃകയിൽ സായുധ-നിരായുധ സേനാ വിഭാഗങ്ങൾ, മൗണ്ടഡ് പൊലീസ്, പൊലീസ് ബാൻഡ് എന്നിവയുടെ പരേഡിനൊപ്പം മറ്റ് അനുയോജ്യമായ സംഘങ്ങളെ ഉൾപ്പെടുത്തുന്ന കാര്യം തിരുവനന്തപുരം സിറ്റി പൊലീസ് കമ്മിഷണറും ജില്ലാ കളക്ടറും ചേർന്ന് തീരുമാനിക്കും.

പൊതുമരാമത്ത് വകുപ്പ് പന്തൽ, വേദി, ദേശീയപതാക, ഇരിപ്പിടങ്ങൾ, ശബ്ദ സംവിധാനം, ജനറേറ്റർ, പുഷ്പവൃഷ്ടിക്കുള്ള പൂക്കൾ, അലങ്കാര കവാടങ്ങൾ എന്നിവ ഒരുക്കും. ജീവൻരക്ഷാ പതകങ്ങളും രാഷ്ട്രപതിയുടെ മെഡലുകളും ചടങ്ങിൽ വിതരണം ചെയ്യും. അവാർഡ് ജേതാക്കളുടെ ചിത്രങ്ങളും സംക്ഷിപ്ത വിവരങ്ങളും ബന്ധപ്പെട്ട വകുപ്പുകൾ മുൻകൂട്ടി സർക്കാരിന് കൈമാറണം.

വിദ്യാഭ്യാസ വകുപ്പ് വിദ്യാർഥികളുടെ ദേശഭക്തിഗാന ആലാപനവും പരമാവധി വിദ്യാർഥി പങ്കാളിത്തവും ഉറപ്പാക്കും. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്വാതന്ത്ര്യദിനാഘോഷം ഉചിതമായി സംഘടിപ്പിക്കാൻ നിർദേശം നൽകും. ജില്ലാ കളക്ടർ വിദ്യാർഥികൾക്കും എൻ സി സി, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് അംഗങ്ങൾക്കും റിഹേഴ്സൽ ദിവസങ്ങളിലും ആഘോഷദിവസവും ലഘുഭക്ഷണവും കുടിവെള്ളവും ഒരുക്കും. ആരോഗ്യ വകുപ്പ് റിഹേഴ്സൽ ദിവസങ്ങളിലും ആഘോഷദിവസവും മെഡിക്കൽ സൗകര്യങ്ങൾ ഒരുക്കും. ആഘോഷ ദിവസം കാർഡിയോളജിസ്റ്റോടുകൂടിയ സജ്ജമായ ആംബുലൻസ് സെൻട്രൽ സ്റ്റേഡിയത്തിൽ വിന്യസിക്കും. കെ എസ് ആർ ടി സി യാത്രയ്ക്കാവശ്യമായ ബസുകൾ ലഭ്യമാക്കും.

സംസ്ഥാന പൊലീസ് മേധാവിയും സിറ്റി പൊലീസ് കമ്മിഷണറും പരേഡിന്റെ ഏകോപനം, സുരക്ഷ, ഗതാഗത നിയന്ത്രണം എന്നിവയ്ക്ക് നേതൃത്വം നൽകും. വിവര-പൊതുജന സമ്പർക്ക വകുപ്പ് വാർത്താ മാധ്യമങ്ങളിലൂടെ പരിപാടിയുടെ സമഗ്ര വാർത്താ കവറേജ് ഉറപ്പാക്കും. ആഗസ്റ്റ് 13നകം ക്ഷണക്കത്തുകൾ, വാഹന -ഗേറ്റ് പാസുകൾ ഉൾപ്പെടെയുള്ള എല്ലാ അച്ചടി ജോലികളും പൂർത്തിയാക്കും. മുഴുവൻ പരിപാടിയുടെയും ഏകോപനം പൊതുഭരണ (പ്രോട്ടോക്കോൾ) വകുപ്പിനായിരിക്കും.

# കനത്ത മഴ: വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിയന്ത്രണം ഏർപ്പെടുത്താൻ നിർദേശം

സംസ്ഥാനത്ത് ശക്തമായ മഴയ്ക്കുള്ള മുന്നറിയിപ്പ് തുടരുന്ന സാഹചര്യത്തിൽ വിനോദസഞ്ചാര വകുപ്പിനും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾക്കും (ഉറജഇ) പ്രത്യേക ജാഗ്രതാ നിർദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (ഗടഉങഅ) നൽകി. ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച ജില്ലകളിലും മഴ വ്യാപിക്കുന്ന സാഹചര്യത്തിൽ സമീപ ജില്ലകളിലുമുള്ള വെള്ളച്ചാട്ടങ്ങൾ, ജലാശയങ്ങളുമായി ബന്ധപ്പെട്ട മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി മുന്നറിയിപ്പ് പിൻവലിക്കുന്നതുവരെ തുടരണമെന്ന് നിർദേശിച്ചു. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ സാധ്യതയുള്ള മലയോര വിനോദസഞ്ചാര മേഖലകളിലും മഴ അവസാനിക്കുന്നതുവരെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. അപകടസാധ്യതയുള്ള റോഡുകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ആവശ്യമായ നിയന്ത്രണങ്ങൾ നടപ്പാക്കുകയും വേണം. ഇതര സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും കേരളത്തിലെത്തിയ വിനോദസഞ്ചാരികൾക്ക് മഴ മുന്നറിയിപ്പും സുരക്ഷാ നിർദേശങ്ങളും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും,അപകടത്തിൽപ്പെടുകയോ ഒറ്റപ്പെടുകയോ ചെയ്യുന്ന സാഹചര്യം ഉണ്ടായാൽ ബന്ധപ്പെടേണ്ട അടിയന്തര ഫോൺ നമ്പറുകൾ വ്യാപകമായി പ്രചരിപ്പിക്കണമെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു. മുന്നറിയിപ്പ് അവസാനിക്കുന്നതുവരെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പ്രത്യേക കൺട്രോൾ റൂമുകൾ സജ്ജമാക്കണം. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ നിയന്ത്രണങ്ങൾ മാധ്യമങ്ങളിലൂടെയും സാമൂഹികമാധ്യമങ്ങളിലൂടെയും അറിയിക്കണമെന്നും, നിയന്ത്രണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ പോലീസ്, ദുരന്തനിവാരണ, അഗ്നിശമന-രക്ഷാസേന എന്നിവയുടെ കൺട്രോൾ റൂമുകളുമായും പങ്കുവയ്ക്കണമെന്നും നിർദേശത്തിൽ പറയുന്നു.

# ഞാനൊന്ന് ഭക്ഷണം കഴിച്ചുപോയി, ഇനി കഴിക്കാതിരിക്കാം'; വിരുന്ന് വിവാദത്തിൽ പ്രതികരിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: വിരുന്ന് വിവാദത്തിൽ പ്രതികരിച്ച് മുഖ്യമന്ത്രി വി. ഡി. സതീശൻ. താനൊന്ന് ഭക്ഷണം കഴിച്ചുപോയെന്നും തെറ്റ് പറ്റിപ്പോയെന്നും സൽക്കാരത്തിന് അല്ല പോയതെന്നും മുഖ്യമന്ത്രി പറഞ്ഞു. ഹീനമായ അപവാദപ്രചരണമാണ് നടക്കുന്നതെന്ന് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു. 'അന്ന് രാവിലെ അഞ്ച് മുതൽ റവന്യൂ മന്ത്രിയെയും ചീഫ് സെക്രട്ടറിയെയും ജില്ലയിലെ ചാർജുള്ള മന്ത്രിമാരെയും കളക്ടർമാരെയും എംഎൽഎമാരെയും ബന്ധപ്പെട്ടു. വരേണ്ട ആവശ്യമുണ്ടോയെന്ന് ഞാൻ ചോദിച്ചു. ഇല്ലെന്ന് അവർ പറഞ്ഞു. ഉച്ചയ്ക്ക് ശേഷ് മൂന്നായപ്പോൾ ഞാൻ ഭക്ഷണം കഴിച്ചുപോയി. 2018ലും 2019ലും ദുരന്തമുണ്ടായപ്പോൾ അന്നത്തെ മുഖ്യമന്ത്രി നിരാഹാരമായിരുന്നു എന്ന് എനിക്ക് അറിയില്ലായിരുന്നു. ഞാനൊന്ന് ഭക്ഷണം കഴിച്ചുപോയി. അപവാദ പ്രചാരണമാണ് നടക്കുന്നത്. ഞാൻ ഭക്ഷണം കഴിക്കാൻ പാടില്ലേ, എന്തൊരു തെറ്റാണ്. ഭക്ഷണം കഴിച്ചു, തെറ്റ് പറ്റിപോയി. ഇനി മുതൽ ഭക്ഷണം കഴിക്കാതിരിക്കാം', മുഖ്യമന്ത്രി പറഞ്ഞു.

# കാൻസർ പുനരാഗമനത്തെ ചെറുക്കുന്നതിനുള്ള മരുന്നുകൾ വികസിപ്പിക്കാൻ ബ്രിക് - ആർജിസിബി

തിരുവനന്തപുരം: രോഗപുരോഗമനത്തിനാധാരമായ കാൻസർ മൂലകോശങ്ങളെ തടയുന്നതിനുള്ള മരുന്നുകൾ വികസിപ്പിക്കുന്ന പ്രവർത്തനവുമായി ബ്രിക്-രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി (ബ്രിക്-ആർജിസിബി) യിലെ ഗവേഷകർ.

വിജയകരമായ ചികിത്സയ്ക്കു ശേഷം ചില കാൻസർ കോശങ്ങൾ നിഷ്ക്രിയാവസ്ഥയിൽ ശരീരത്തിൽ ഒളിഞ്ഞിരിക്കുന്നു. ചില ആന്തരിക സവിശേഷതകളോ ബാഹ്യപാരിസ്ഥിതിക ഘടകങ്ങളോ ഈ നിഷ്ക്രിയ കാൻസർ കോശങ്ങളെ സജീവമാക്കുകയും സാധാരണ സ്റ്റം സെല്ലുകൾക്ക് (മൂലകോശങ്ങൾ) സമാനമായ കാൻസർ മൂലകോശങ്ങളായി പരിവർത്തനം നടത്തുകയും ചെയ്യുന്നു. ഇവ രോഗത്തിൻറെ തിരിച്ചുവരവിനും കൂടുതൽ മാരകമായ മരുന്നുകളോടുള്ള പ്രതിരോധത്തിനും കാരണമാകുന്നു. ഈ സാഹചര്യത്തിലാണ് നിഷ്ക്രിയ കാൻസർ കോശങ്ങളുടെ പുനരുജ്ജീവനത്തെ തടയാനുള്ള മരുന്ന് ആർജിസിബി വികസിപ്പിക്കുന്നത്.



ഡോ. ടെസ്സി തോമസ്, രേഷ്മാരാജ്.

കോശോപരിതലത്തിൽ കാണപ്പെടുന്ന എഫ് എ2, എഫ്രിൻ-ബി 1 എന്നീ പ്രോട്ടീനുകളുടെ അസാധാരണമായ സമ്പർക്കം നിഷ്ക്രിയ കാൻസർ കോശങ്ങളുടെ പുനരുജ്ജീവനം ത്വരിതപ്പെടുത്തുന്നുവെന്നും ഈ പ്രോട്ടീൻ പ്രതിപ്രവർത്തനം ലക്ഷ്യമിട്ടുള്ള പുതിയ മരുന്നുകൾ രോഗത്തിൻറെ പുനരാഗമനം തടയുമെന്നും ബ്രിക്-ആർജിസിബി ഡയറക്ടർ ഡോ. ബീന പിള്ള പറഞ്ഞു. ഈ സമ്പർക്കം ഭേദിക്കുന്നതിലൂടെ നിദ്രയിലാരിക്കുന്ന കാൻസർ കോശങ്ങൾ വീണ്ടും ഉണർന്ന് അപകടകരമാകുന്നത് തടയാൻ ലക്ഷ്യമിടുന്നുവെന്നും അവർ കൂട്ടിച്ചേർത്തു.

ഡോ. ടെസ്സി തോമസ് മാളിയേക്കലിൻറെ നേതൃത്വത്തിൽ രേഷ്മാരാജ് അടക്കമുള്ള ഒരു കൂട്ടം ഗവേഷകർ നടത്തിയ പഠനം സെൽ കമ്മ്യൂണിക്കേഷൻ ആൻഡ് സിഗ്നലിംഗ് ജേണലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സാധാരണ കോശങ്ങളിലും മൂലകോശങ്ങളിലും കാണപ്പെടുന്നതിലും വിഭിന്നമായ ഈ എഫ് എ 2-എഫ്രിൻ-ബി 1 സമ്പർക്കം എഫ്-എഫ്രിൻ പാതയുടെ പഠന മേഖലയിൽ ഒരു വഴിത്തിരിവാണ്. പ്രധാനമായും വായിലെ കാൻസറിൽ കേന്ദ്രീകരിച്ചുള്ള ഈ ഗവേഷണം മറ്റു കാൻസർ വകഭേദങ്ങളിലും കണ്ടേക്കാമെന്ന് ഡോ. ടെസ്സി തോമസ് ചൂണ്ടിക്കാട്ടി.

സാധാരണ കോശങ്ങളിൽ അടുത്തടുത്തുള്ള രണ്ട് കോശങ്ങൾ തമ്മിലുള്ള സംഭാഷണമാണ് ഈ എഫ്-എഫ്രിൻ പാതയിലൂടെ നടക്കുന്നതെങ്കിൽ കാൻസർ മൂലകോശങ്ങളിൽ ഇത് 'സ്വയം ഭാഷണ'മാണ്.

സാധാരണ കോശങ്ങളിൽ സമാനതകളില്ലാത്ത ഈ സ്വയംഭാഷണത്തെ ലക്ഷ്യം വച്ചുള്ള ചികിത്സാരീതികൾ പാർശ്വഫലങ്ങൾ കുറയ്ക്കുമെന്നും ഡോ. ടെസ്സി നിരീക്ഷിച്ചു.

# ശബരിമല നെയ്യ് വിതരണവുമായി ബന്ധപ്പെട്ട് വീഴ്ച പറ്റിയിട്ടില്ലെന്ന് മിൽമ

## മിൽമയിൽനിന്ന് കൊണ്ടുപോയത് മികച്ച ഗുണമേൻമയുള്ള നെയ്യ്: മിൽമ ചെയർമാൻ

തിരുവനന്തപുരം: ശബരിമലയിലേക്കുള്ള നെയ്യ് വിതരണവുമായി ബന്ധപ്പെട്ട് വീഴ്ച പറ്റിയിട്ടില്ലെന്നും ഗുണനിലവാരമുള്ള നെയ്യ് തന്നെയാണ് നൽകിയതെന്നും മിൽമ ചെയർമാൻ കെ.എസ് മണി വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിലും പരിശുദ്ധിയിലും കേരളത്തിലെ ക്ഷീരകർഷകരുടെ പ്രസ്ഥാനമായ മിൽമ യാതൊരു വിട്ടുവീഴ്ചയും ചെയ്യാറില്ല.

ശബരിമലയിലേക്കുള്ള നെയ്യ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശബരിമല ഗോഡൗണിൽ സ്വീകരിക്കുകയും ഉൽപന്നത്തിൻറെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തി സന്നിധാനത്തേക്ക് അയക്കുകയും ചെയ്യുന്നുവെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ ഗുണനിലവാരത്തിൽ എന്തെങ്കിലും വ്യത്യാസം സംഭവിച്ചതായി ദേവസ്വം ബോർഡ് മിൽമയെ ഇതുവരെ അറിയിച്ചിട്ടില്ല. നെയ്യ് കൈമാറ്റത്തിൻറെ തുക മുഴുവനായും ദേവസ്വം ബോർഡ് മിൽമയ്ക്ക് ഇതിനകം നൽകുകയും ചെയ്തു.

മിൽമയിൽനിന്ന് ശബരിമലയിലേക്ക് കൊണ്ടുപോയത് മികച്ച ഗുണമേൻമയുള്ള ഒറിജിനൽ പ്രീമിയം നെയ്യ് ആണെന്ന് മിൽമ ചെയർമാൻ പറഞ്ഞു. മിൽമ ഡെയറിയിൽ നിന്ന് 15 കിലോ ടിന്നുകളിലാക്കി പൂർണമായി സീൽ ചെയ്താണ് നെയ്യ് അയച്ചത്.

കൃത്യമായ പാക്കിംഗും സീലിംഗും ചെയ്ത ഈ ടിന്നുകളിൽ കൃത്രിമം കാണിക്കാൻ സാധിക്കില്ല. ഉപഭോക്താക്കളുടെ വിശ്വാസവും ക്ഷീരകർഷകരോടുള്ള പ്രതിബദ്ധതയും മിൽമയുടെ വളർച്ചയിൽ പ്രധാനപ്പെട്ടതാണ്. മിൽമയുടെ പ്രവർത്തനങ്ങൾ സുതാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മിൽമ എംഡി ആസിഫ് കെ യൂസഫും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

മിൽമയുടെ എല്ലാ ഡയറികളിലും നൂതനമായ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയാണ് നെയ്യിൻറെയും മറ്റ് ഉൽപന്നങ്ങളുടെയും ഉൽപാദന, പാക്കിംഗ് പ്രക്രിയ നടത്തുന്നത്. ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ നൽകുന്നതിൽ മിൽമയ്ക്ക് പ്രതിബദ്ധതയുണ്ട്. അത് നിലനിർത്തുന്നത് മിൽമയെ സംബന്ധിച്ച് വളരെ പ്രധാനമാണ്.

മിൽമ നെയ്യിനു പകരം ഗുണനിലവാരം കുറഞ്ഞ നെയ്യ് ഉപയോഗിച്ചു എന്നാണ് മാധ്യമങ്ങളിലൂടെ അറിയുന്നത്.

അങ്ങനെയൊരു സംഭവം നടന്നിട്ടുണ്ടെങ്കിൽ അത് വളരെ ഗൗരവമുള്ളതായിട്ടാണ് മിൽമ കാണുന്നത്. ഏതെങ്കിലും വിധത്തിൽ കൃത്രിമം നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെ ശക്തമായ നിയമ നടപടി സ്വീകരിക്കുമെന്നും മിൽമ അറിയിച്ചു.

മിൽമയുടെ നെയ്യ് വേണ്ട എന്ന് ദേവസ്വം ബോർഡ് തീരുമാനമെടുത്തതായി വന്ന മാധ്യമവാർത്ത വാസ്തവവിരുദ്ധമാണ്. മിൽമയുടെ നെയ്യ് വേണ്ട എന്ന് ദേവസ്വം ബോർഡ് പറഞ്ഞിട്ടില്ല. ബോർഡ് അങ്ങനെയൊരു തീരുമാനമെടുക്കുകയോ അത്തരമൊരു അറിയിപ്പ് ദേവസ്വം ബോർഡിൽ നിന്ന് മിൽമയ്ക്ക് ലഭിക്കുകയോ ചെയ്തിട്ടില്ല. ഭക്തരിൽ നിന്നും ദിവസവും ലഭിക്കുന്ന നെയ്യ് ശബരിമലയിലെ ദൈനംദിന

ആവശ്യങ്ങൾക്ക് പര്യാപ്തമാണെന്നും അതിനാൽ ഇപ്പോൾ പുറത്തുനിന്ന് വാങ്ങേണ്ട ആവശ്യമില്ലെന്നും ദേവസ്വം ബോർഡ് പ്രസിഡൻറ് പ്രതികരിച്ചത് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തതായി ശ്രദ്ധയിൽപെട്ടിരുന്നു.

ക്ഷീരകർഷകർക്ക് തൊഴിലും ഉപജീവനവും നൽകി ക്ഷേമപ്രവർത്തനങ്ങളിലൂടെ അവരോടൊപ്പം നിലകൊള്ളുകയും സംസ്ഥാനത്തെ ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തിലൂന്നിയാണ് മിൽമ മുന്നോട്ടു പോകുന്നതെന്നും ചെയർമാൻ വ്യക്തമാക്കി.

# കാട്ടുതീ അണയ്ക്കുന്നതിനിടെ ഹെലികോപ്റ്ററുകൾ കൂട്ടിയിടിച്ച് രണ്ട് മരണം

ഏതൻസ്: ഗ്രീസിൽ കാട്ടുതീ അണയ്ക്കുന്നതിനിടെ ഹെലികോപ്റ്ററുകൾ കൂട്ടിയിടിച്ച് രണ്ട് ജീവനക്കാർ മരിച്ചു. ഡെൻമാർക്ക് സ്വദേശിയായ പൈലറ്റും ഗ്രീസിലെ അഗ്നിശമന സേനാംഗവുമാണ് കൊല്ലപ്പെട്ടത്. ബ്രിട്ടനിൽ നിന്നുള്ള പൈലറ്റും ഗ്രീസിൽ നിന്നുള്ള അഗ്നിരക്ഷാ സേനാംഗത്തിനും അപകടത്തിൽ പരിക്കേറ്റു.

ഏതൻസിൽ നിന്ന് ഏകദേശം 65 കിലോമീറ്റർ അകലെയാണ് അപകടമുണ്ടായത്. രണ്ട് ഹെലികോപ്റ്ററുകളുടേയും പ്രൊപ്പല്ലറുകൾ കുരുങ്ങിപ്പോയതാണ് അപകടത്തിന് കാരണമായത്. പിന്നാലെ ഹെലികോപ്റ്ററുകൾ തീ പടർന്ന് നിലത്തേക്ക് വീഴുകയായിരുന്നു.

അപകടത്തിൽ കൊല്ലപ്പെട്ടവരുടെ പേരുകൾ ഇതുവരെ പുറത്ത് വിട്ടിട്ടില്ല. അപകടത്തിന് പിന്നാലെ ഗ്രീസിൽ കാട്ടുതീ നിയന്ത്രിക്കാനുള്ള ശ്രമത്തിനിടെ കൊല്ലപ്പെട്ടവരുടെ എണ്ണം അഞ്ചായി.

കഴിഞ്ഞ ആഴ്ചയാണ് ഗ്രീസിൽ കാട്ടുതീ പടർന്ന് പിടിച്ചത്. ഇതേ തുടർന്ന് ഇവിടെ നിന്ന് ആളുകളെ ഒഴിപ്പിച്ചിരുന്നു. നീണ്ടുനിന്ന ഉഷ്ണതരംഗങ്ങൾക്കിടയിൽ മറ്റ് യൂറോപ്യൻ രാജ്യങ്ങളിലും കാട്ടുതീ പടർന്നുപടിച്ചു.

# സംസ്ഥാനത്ത് അതിശക്തമായ മഴ തുടരും; 12 ജില്ലകളിൽ ഇന്ന് ഓറഞ്ച് അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥവകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള 12 ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ഈ മാസം ഏഴ് വരെ ഇതേ ശക്തിയിൽ മഴ തുടരുമെന്നാണ് പ്രവചനം. ഓഗസ്റ്റ് അഞ്ചിന് മഴയുടെ ശക്തി കുറയും. ചൊവ്വാഴ്ച 10 ജില്ലകളിൽ മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മഴ വീണ്ടും ശക്തമായതോടെ സംസ്ഥാനത്ത് കെടുതികളിൽ വലഞ്ഞിരിക്കുകയാണ് ജനം. ജനവാസമേഖലകളിൽ പലയിടത്തും വെള്ളക്കെട്ടും മണ്ണിടിച്ചിലും തുടരുകയാണ്. പമ്പാനദിയിൽ ജലനിരപ്പുയർന്നതോടെ പത്തനംതിട്ടയിലെ ആറന്മുളയും പരിസര പ്രദേശങ്ങളും വെള്ളത്തിനടിയിലാണ്. റാന്നിയിലെ ജനവാസമേഖലകളിൽ വീണ്ടും വെള്ളം കയറുകയാണ്. പത്തനംതിട്ടയിലെ രക്ഷാപ്രവർത്തനത്തിനായി മത്സ്യത്തൊഴിലാളികൾ കൊല്ലത്ത് നിന്ന് വള്ളങ്ങളുമായി തിരിച്ചു. കേന്ദ്രകാലാവസ്ഥാ കേന്ദ്രം പ്രവചിച്ചത് ഓറഞ്ച് അലർട്ട് ആയിരുന്നെങ്കിലും ശനിയാഴ്ച റെഡ് അലർട്ടിന് സമാനമായ അതിതീവ്ര മഴയായിരുന്നു പലയിടത്തും. ഇന്നും സമാനമായ സാഹചര്യമാണുള്ളത്.

# ബിജെപിക്കു ജെൻസി ഷോക്ക്; പാർട്ടി ദേശീയ അധ്യക്ഷൻ ഒഴിഞ്ഞ സീറ്റിൽ പ്രശാന്ത് കിഷോർ കുതിക്കുന്നു

ന്യൂഡൽഹി: രാജ്യത്തുടനീളം ചോദ്യപേപ്പർ ചോർച്ചയ്ക്കെതിരേ വൻ വിദ്യാർഥിപ്രക്ഷോഭങ്ങൾ അരങ്ങേറിയതിനു പിന്നാലെ നടന്ന നിർണായക നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ ബിജെപിക്കു തിരിച്ചടി. പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ രാജ്യസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് രാജിവച്ച ബിഹാറിലെ ബാങ്കിപ്പൂരിൽ അട്ടിമറി സൂചന. മൂന്നു പതിറ്റാണ്ടായി ബിജെപിയുടെ ഉറച്ച കോട്ടയായ ഇവിടെ പ്രശസ്ത തെരഞ്ഞെടുപ്പു തന്ത്രജ്ഞനും ജൻ സുരാജ് പാർട്ടി നേതാവുമായ പ്രശാന്ത് കിഷോറാണു മുന്നിൽ. വോട്ടെണ്ണലിൻറെ തുടക്കം മുതൽ ആധിപത്യം പുലർത്തുന്ന പ്രശാന്ത് കിഷോർ, ബിജെപി സ്ഥാനാർഥി നീരജ് കുമാർ സിൻഹയേക്കാൾ ആറായിരത്തിലധികം വോട്ടുകളുടെ വൻ ഭൂരിപക്ഷത്തിലാണ് നിലവിൽ മുന്നേറുന്നത്.

### വലിയ രാഷ്ട്രീയ ചർച്ച

243 അംഗ ബിഹാർ നിയമസഭയിലെ ഭരണസമവാക്യങ്ങളെ ഉപതെരഞ്ഞെടുപ്പുഫലം നേരിട്ടു ബാധിക്കില്ലെങ്കിലും ബിജെപിയുടെ പരമ്പരാഗത വോട്ടുബാങ്കിൽ വിള്ളലുണ്ടാക്കാൻ പ്രശാന്ത് കിഷോറിനു സാധിച്ചത് വലിയ രാഷ്ട്രീയ ചർച്ചകൾക്കാണ് വഴിതുറന്നിരിക്കുന്നത്. ബാങ്കിപ്പൂരിൽ ഇക്കുറി 34.24 ശതമാനം വോട്ടിംഗ് മാത്രമാണു രേഖപ്പെടുത്തിയത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലെ 41.45 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ വോട്ടിംഗിൽ ഏഴു ശതമാനത്തോളം കുറവുണ്ടായി.

ബിജെപിയിലെ ആഭ്യന്തര ആശയക്കുഴപ്പങ്ങളും ജാതി-മത സമവാക്യങ്ങൾക്കതീതമായി പ്രശാന്ത് കിഷോർ ഉയർത്തിയ വികസനനിലപാടുകളുമാണ് ബാങ്കിപ്പൂരിനെ ദേശീയ ശ്രദ്ധാകേന്ദ്രമാക്കിയത്. ജനപിന്തുണയെ തെരഞ്ഞെടുപ്പു വിജയമാക്കി മാറ്റാനുള്ള ജൻ സുരാജ് പാർട്ടിയുടെ ശേഷിക്കുള്ള നിർണായക പരീക്ഷണമായാണ് രാഷ്ട്രീയനിരീക്ഷകർ ഇതിനെ വീക്ഷിക്കുന്നത്.

**ദാതിയയിൽ കോൺഗ്രസും മഞ്ചൽപുരിൽ ബിജെപിയും**

ഉപതെരഞ്ഞെടുപ്പ് നടന്ന മധ്യപ്രദേശിലെ ദാതിയയിൽ കോൺഗ്രസും ഗുജറാത്തിലെ മഞ്ചൽപുരിൽ ബിജെപിയുമാണ് മുന്നിൽ. തട്ടിപ്പു കേസിൽ ശിക്ഷിക്കപ്പെട്ടതിനെത്തുടർന്ന് കോൺഗ്രസ് എംഎൽഎ രാജേന്ദ്ര ഭാരതി ജനപ്രാതിനിധ്യ നിയമപ്രകാരം അയോഗ്യനാക്കപ്പെട്ടതിനാലാണ് ദാതിയ മണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് വേണ്ടിവന്നത്. മുൻ എംഎൽഎയും രാജകുടുംബാംഗവുമായ കുൻവർ ഘൻശ്യാം സിംഗ് (കോൺഗ്രസ്), പുതുമുഖമായ അശുതോഷ് തിവാരി (ബിജെപി) എന്നിവർ തമ്മിലാണ് നേർക്കുനേർ പോരാട്ടം. മുതിർന്ന നേതാവും മുൻ ആഭ്യന്തര മന്ത്രിയുമായ നരോത്തം മിശ്രയ്ക്ക് ബിജെപി ടിക്കറ്റ് നിഷേധിച്ചതിനെത്തുടർന്നുണ്ടായ പാർട്ടിക്കുള്ളിലെ അമർഷവും പ്രതിഷേധങ്ങളുമാണ് ബിജെപിക്കു തിരിച്ചടിയായത്.

അതേസമയം, ഗുജറാത്തിലെ മഞ്ചൽപുരിൽ തങ്ങളുടെ പരമ്പരാഗത വോട്ടുബാങ്ക് സംരക്ഷിച്ച് ബിജെപി കൂറ്റൻ വിജയത്തിലേക്കു കുതിക്കുകയാണ്. എട്ടു തവണ എംഎൽഎയും മുൻ മന്ത്രിയുമായിരുന്ന ബിജെപിയുടെ മുതിർന്ന നേതാവ് യോഗേഷ് പട്ടേലിൻറെ വേർപാടിനെത്തുടർന്നാണ് ഉപതെരഞ്ഞെടുപ്പ് വേണ്ടിവന്നത്. വോട്ടെണ്ണലിൻറെ തുടക്കം മുതൽ ബിജെപി സ്ഥാനാർഥി സതീഷ് പട്ടേൽ മുന്നിലാണ്. കോൺഗ്രസ് വൈസ് പ്രസിഡൻറ് ഭിഖാഭായ് റബാരിയാണു എതിർസ്ഥാനാർഥി.

# മുൻഗണനാ റേഷൻകാർഡുകളുടെ വിതരണം സമയബന്ധിതമായി പൂർത്തിയാക്കിയത് അഭിമാനകരം: മന്ത്രി അനൂപ് ജേക്കബ്

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമപദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട ജനക്ഷേമ പദ്ധതികളിലൊന്നായ പുതിയ മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണം സർക്കാർ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാനായത് അഭിമാനകരമെന്ന് ഭക്ഷ്യ-പൊതുവിതരണ മന്ത്രി അനൂപ് ജേക്കബ് പറഞ്ഞു. 73,024 പുതിയ മുൻഗണനാ റേഷൻ കാർഡുകളുടെയും 2,000 അന്ത്യോദയ അന്നയോജന (എ എ വൈ) റേഷൻ കാർഡുകളുടെയും സംസ്ഥാനതല വിതരണോദ്ഘാടന ചടങ്ങിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.സർക്കാർ അധികാരമേറ്റതിന് പിന്നാലെ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ഓരോ വകുപ്പും 100 ദിവസത്തിനുള്ളിൽ ജനങ്ങൾക്ക് നേരിട്ട് പ്രയോജനപ്പെടുന്ന പദ്ധതികൾ നടപ്പാക്കണമെന്ന് നിർദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യവകുപ്പ് നീണ്ടകാലമായി കെട്ടിക്കിടന്ന മുൻഗണനാ റേഷൻ കാർഡ് അപേക്ഷകൾ തീർപ്പാക്കി അർഹരായവർക്ക് എത്രയും വേഗം കാർഡുകൾ നൽകാൻ തീരുമാനിക്കുകയായിരുന്നുവെന്ന് മന്ത്രി പറഞ്ഞു. ആദ്യഘട്ടത്തിൽ 50,000 കാർഡുകൾ വിതരണം ചെയ്യാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ നടപടികൾ വേഗത്തിലാക്കിയതോടെ അത് 73,024 മുൻഗണനാ റേഷൻ കാർഡുകളായി ഉയർത്താൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണ്. എ എ വൈ കാർഡുകൾ അനുവദിക്കുന്ന നടപടികളും ഇതോടൊപ്പം പുരോഗമിക്കുകയാണ്.പുതിയ കാർഡുടമകൾക്ക് ഈ മാസം മുതൽ തന്നെ മുൻഗണനാ റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ലീഗൽ മെട്രോളജി, സപ്ലൈകോ എന്നിവ ഉൾപ്പെടെ വകുപ്പിന് കീഴിലെ എല്ലാ സ്ഥാപനങ്ങളുടെയും 100 ദിന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കും.സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ക്ഷേമപദ്ധതികൾക്ക് തടസ്സം ഉണ്ടാകാതിരിക്കാനാണ് സർക്കാർ മുൻഗണന നൽകുന്നതെന്ന് മന്ത്രി പറഞ്ഞു. ഓണക്കാല വിപണി ഇടപെടലുകൾക്കായി സപ്ലൈകോയ്ക്ക് 253 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ എല്ലാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്കും ആവശ്യമായ ഭക്ഷ്യധാന്യങ്ങളും സബ്സിഡി സാധനങ്ങളും ലഭ്യമാക്കും.ഓണത്തോടനുബന്ധിച്ച് സംസ്ഥാനമൊട്ടാകെ പ്രത്യേക ഫെയറുകളും വിപണി ഇടപെടലുകളും സംഘടിപ്പിക്കും. സെപ്റ്റംബർ മാസത്തെ റേഷൻ വിഹിതം ഓഗസ്റ്റിൽ തന്നെ വാങ്ങാൻ കാർഡുടമകൾക്ക് അവസരം ഒരുക്കിയിട്ടുണ്ടെന്നും സപ്ലൈകോ മാവേലി സ്റ്റോറുകൾ വഴി 27 രൂപ നിരക്കിൽ അരി ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.സിവിൽ സപ്ലൈസ് കോർപ്പറേഷനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് കൂടുതൽ ആശ്വാസം നൽകുന്നതിനുമായി പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കുമെന്നും തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന ചടങ്ങിൽ മന്ത്രി അറിയിച്ചു.




സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപദ്ധതിയുടെ ഭാഗമായി അനുവദിച്ച പുതിയ മുൻഗണനാ റേഷൻ കാർഡുകളുടെയും അന്ത്യോദയ അന്നയോജന റേഷൻ കാർഡുകളുടെയും സംസ്ഥാനതല വിതരണോദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ നിർവഹിക്കുന്നു. മന്ത്രിമാരായ അനൂപ് ജേക്കബ്, കെ മുരളീധരൻ എന്നിവർ സമീപം

# സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ വനിതാ ജില്ലാ കമ്മിറ്റിക്ക് പുതിയ നേതൃത്വം

തിരുവനന്തപുരം: സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻറെ തിരുവനന്തപുരം വനിതാ ജില്ലാ കമ്മിറ്റിയുടെ നേതൃതിരഞ്ഞെടുപ്പ് യോഗത്തിൽ മറിയം കുട്ടി (വെട്ടുകാട്)യെ ജില്ലാ പ്രസിഡൻറായും റംല ബീവി (ബീമാപള്ളി)യെ ജില്ലാ ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുത്തു. ജൂബിറ്റ് (കൊച്ചുതോപ്പ്) വൈസ് പ്രസിഡൻറായും സുമലത (മാധവപുരം) ജോയിൻറ് സെക്രട്ടറിയായും സബീന ട്രഷററായും തെരഞ്ഞെടുക്കപ്പെട്ടു.

ഫെഡറേഷൻ സംസ്ഥാന പ്രസിഡൻറ് പി. സ്റ്റെല്ലസ് അധ്യക്ഷത വഹിച്ചു. തീരദേശ മേഖലയിൽ തൊഴിലുറപ്പ് പദ്ധതി സ്തംഭിച്ചതിനെ തുടർന്ന് മത്സ്യത്തൊഴിലാളി സ്ത്രീകളും മറ്റ് തൊഴിൽ മേഖലകളിലെ സ്ത്രീകളും കടുത്ത സാമ്പത്തിക പ്രതിസന്ധിയും പട്ടിണിയും നേരിടുകയാണെന്ന് യോഗത്തിൽ നേതാക്കൾ അഭിപ്രായപ്പെട്ടു. തൊഴിലുറപ്പ് പദ്ധതി നിർത്തലാക്കിയ തീരദേശ പ്രദേശങ്ങളിൽ അത് അടിയന്തരമായി പുനരാരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്ത യോഗത്തിൽ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും മത്സ്യത്തൊഴിലാളി സ്ത്രീകളുടെ തൊഴിൽ, സാമൂഹിക, ക്ഷേമ അവകാശങ്ങൾക്കായി ശക്തമായ ഇടപെടലുകൾ നടത്തുന്നതിനും യോഗം തീരുമാനിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സംസ്ഥാനത്ത് കാലവർഷ സാഹചര്യം നിയന്ത്രണവിധേയം: ദുരിതാശ്വാസ–പുന:രധിവാസ സഹായങ്ങൾ വർധിപ്പിച്ചു; വ്യാജവാർത്തകൾക്കെതിരെ കർശന നടപടിയെന്ന് മുഖ്യമന്ത്രി

സംസ്ഥാനത്തെ മിക്ക ജില്ലകളിലും കാലവർഷ സാഹചര്യം നിലവിൽ നിയന്ത്രണവിധേയമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്ന 316 ദുരിതാശ്വാസ ക്യാമ്പുകളിലായി 11,018 പേരാണ് കഴിയുന്നത്. കനത്ത മഴയെ തുടർന്നുണ്ടായ ദുരന്തത്തിൽ ഇതുവരെ 15 പേർ മരണപ്പെട്ടു. 7 പേരെ കാണാതായതായും ഔദ്യോഗിക സ്ഥിരീകരണം ലഭിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. സംസ്ഥാനത്തെ മഴക്കെടുതിയും ദുരന്ത നിവാരണ പ്രവർത്തനങ്ങളും വിലയിരുത്താനായി ജില്ലാ കളക്ടർമാർ, ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരുമായി ചേർന്ന അവലോകന യോഗത്തിനു ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദുരിതബാധിത പ്രദേശങ്ങളിൽ ഫയർ ഫോഴ്സ് സംവിധാനങ്ങളേയും എൻഡിആർഎഫ് സംഘങ്ങളേയും രക്ഷാപ്രവർത്തനത്തിനായി സജ്ജമാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ചിലയിടങ്ങളിൽ മാത്രമാണ് വെള്ളം ഇറങ്ങാനുള്ളത്. രക്ഷാപ്രവർത്തനങ്ങൾക്കായി കൊല്ലത്തുനിന്ന് 14 ബോട്ടുകൾ ചെങ്ങന്നൂരിലെത്തിച്ചിട്ടുണ്ട്. ഒപ്പം രണ്ട് ഹെലികോപ്റ്ററുകൾ തിരുവനന്തപുരത്ത് സജ്ജമാക്കിയിട്ടുണ്ട്. പത്തനംതിട്ടയിലും കോട്ടയത്തുമായി മൂന്നു ടീമുകളെ വിന്യസിച്ചിട്ടുണ്ട്. രണ്ട് എൻഡിആർഎഫ് സംഘങ്ങളെ കൂടി ആരക്കോണത്തുനിന്ന് അധികമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കുടുങ്ങിക്കിടക്കുന്നവർക്ക് ഹെലികോപ്റ്റർ വഴി ഭക്ഷണ പാക്കറ്റുകൾ വിതരണം ചെയ്യാനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായി. അപകടസാധ്യതയുള്ള മേഖലകളിൽ നിന്ന് ഉദ്യോഗസ്ഥർ നിർദേശിക്കുമ്പോൾ ജനങ്ങൾ മാറിതാമസിക്കണമെന്ന് മുഖ്യമന്ത്രി അഭ്യർഥിച്ചു.

മരിച്ചവരുടെ സംസ്കാര ചടങ്ങുകൾക്കായി പതിനായിരം രൂപ അടിയന്തരമായി അനുവദിച്ചു. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് എസ്.ഡി.ആർ.എഫ്, സി.എം.ഡി.ആർ.എഫ്, പി.എം.എൻ.ആർ.എഫ് എന്നിവയിൽ നിന്നായി ആകെ 8 ലക്ഷം രൂപ ധനസഹായം ലഭിക്കും. വീട് ശുചീകരണത്തിനായി ക്യാമ്പുകളിൽ നിന്ന് മടങ്ങുന്നവർക്ക് അടിയന്തര സഹായമായി 10,000 രൂപ നൽകും. ഉപജീവനമാർഗം നഷ്ടപ്പെട്ടവർക്ക് ഒരു റേഷൻ കാർഡിലെ രണ്ടുപേർക്ക് 300 രൂപ വീതം സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി സ്ഥലം വാങ്ങി വീട് വയ്ക്കാനുള്ള സഹായം 10 ലക്ഷത്തിൽ നിന്ന് 12 ലക്ഷം രൂപയായും വീട് പൂർണമായും നഷ്ടപ്പെട്ടവർക്കുള്ള സഹായം 4 ലക്ഷത്തിൽ നിന്ന് 6 ലക്ഷം രൂപയായും വർധിപ്പിച്ചു.വലിയ അണക്കെട്ടുകളിൽ ജലനിരപ്പ് വളരെ താഴെയാണ്. മൂഴിയാറിൽ മാത്രമാണ് നിലവിൽ ചെറിയ പ്രശ്നമുള്ളത്. ഇടുക്കിയിൽ 38.91 ശതമാനവും ഇടമലയാറിൽ 46.64 ശതമാനവുമാണ് നിലവിലെ ജലനിരപ്പ്. ചെറിയ അണക്കെട്ടുകൾ തുറക്കുന്നത് ജില്ലാ കളക്ടർമാരുടെ അനുമതിയോടെ മാത്രമായിരിക്കും. ഡാമുകൾ തുറന്നുവിടുന്നു എന്ന രീതിയിൽ വ്യാജ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.




കാലവർഷക്കെടുതി വിലയിരുത്താൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വിവിധ വകുപ്പുകളുടെ യോഗം. മന്ത്രിമാരായ രമേശ് ചെന്നിത്തല, എ പി അനിൽകുമാർ, എൻ ഷംസുദീൻ, സണ്ണി ജോസഫ്, പി.കെ ബഷീർ, പി സി വിഷ്ണുനാഥ്, കെ. എം. ഷാജി, ടി. സിദ്ദിഖ്, എം.ലിജു, അനൂപ് ജേക്കബ്, മോൺസ് ജോസഫ്, സി പി ജോൺ, ചീഫ് സെക്രട്ടറി , ജില്ലാ കളക്ടർമാർ എന്നിവർ യോഗത്തിൽ പങ്കെടുത്തു

കാലവർഷക്കെടുതിയിലെ പ്രാഥമിക റിപ്പോർട്ട് അനുസരിച്ച് 165 ഹെക്ടറിലെ കൃഷി നശിക്കുകയും 3,596 കർഷകരെ ഇത് ബാധിക്കുകയും ചെയ്തിട്ടുണ്ട്. കൃഷിനാശത്തിനുള്ള നഷ്ടപരിഹാര തുക വർധിപ്പിക്കുമെന്നും വർധന തുക സംബന്ധിച്ച തീരുമാനം അടുത്ത മന്ത്രിസഭായോഗം പരിഗണിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.മുൻകൂട്ടി പ്രവചിക്കാൻ കഴിയാത്ത അതിതീവ്ര മഴയാണ് പലയിടത്തും ഉണ്ടായത്. മുന്നൊരുക്ക നിർദേശങ്ങൾ എല്ലാ തട്ടിലും ലഭ്യമക്കുന്നുമുണ്ട്. ഭാവിയിൽ കാലാവസ്ഥാ പ്രവചനം കൂടുതൽ കൃത്യമാക്കാൻ കൊച്ചിൻ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള ഏജൻസികളുമായി സഹകരിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് റെസിലിയൻസ് പ്രോഗ്രാം ശക്തമാക്കും. കൂടാതെ നദികളിലും ഡാമുകളിലും അടിഞ്ഞുകൂടിയ മണ്ണും മണലും നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

## ഗ്യാലറിയിൽ ഇരുന്നു പറയുന്നതുപോലെ അല്ല ഗ്രൗണ്ടിൽ ഇറങ്ങി കളിക്കുന്നത്; മുഖ്യമന്ത്രിയെ പരിഹസിച്ച് പി. രാജീവ്

കൊച്ചി: ഹെലികോപ്റ്റർ യാത്രയിലെ മുഖ്യമന്ത്രിയുടെ മറുപടി പ്രതീക്ഷിച്ചതു പോലെ തന്നെയെന്ന് സിപിഎം നേതാവും മുൻ മന്ത്രിയുമായ പി രാജീവ്. മുൻമുഖ്യമന്ത്രി പിണറായി വിജയൻറെ ഹെലികോപ്റ്റർ യാത്രയെ മുഖ്യമന്ത്രി വി. ഡി. സതീശൻ വിമർശിച്ചത് പൊതുസമൂഹത്തിന് മുന്നിലുണ്ട്. ഗ്യാലറിയിൽ ഇരുന്നു പറയുന്നതുപോലെ അല്ല ഗ്രൗണ്ടിൽ ഇറങ്ങി കളിക്കുന്നതെന്ന് അദേഹം പറഞ്ഞു. ഇൻവസ്റ്റേഴ്സുമായുള്ള കൂടിക്കാഴ്ചയുടെ വിശദാംശങ്ങൾ സർപ്രൈസ് ആയി പുറത്തു വരുമായിരിക്കുമെന്നും രാജീവ് പരിഹസിച്ചു.

സംസ്ഥാനം മഴക്കെടുതി അനുഭവിച്ചപ്പോൾ വിരുന്നിൽ പങ്കെടുത്തതിന് എതിരെ ഉയർന്ന വിമർശനങ്ങളിലെ മുഖ്യമന്ത്രിയുടെ മറുപടിയേയും രാജീവ് പരിഹസിച്ചു. സംസ്ഥാനത്ത് ആശങ്കപെടേണ്ട സാഹചര്യമില്ലെന്ന് കാണിക്കാൻ വേണ്ടി ഭക്ഷണം കഴിച്ചു എന്ന് പറയാമായിരുന്നു. ഭക്ഷണം കഴിച്ചു എന്നത് വിവാദമാക്കാൻ ഇടതുപക്ഷത്തിന് ഉദ്ദേശമില്ലെന്നും രാജീവ് പറഞ്ഞു. ദുരന്തനിവാരണ പ്രതിരോധ പ്രവർത്തനങ്ങളിൽ ഇന്നാണോ യോഗം ചേർന്നതെന്ന് അദേഹം ചോദിച്ചു. ഇതുവരെ കാര്യമായ നിർദേശങ്ങളൊന്നും മുഖ്യമന്ത്രിയുടെ ഭാഗത്ത് നിന്ന് വന്നിരുന്നില്ല. ഒന്നിച്ചു നിൽക്കാം എന്നാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. ഇതിനുമുൻപും കേരളം പ്രളയത്തെ പ്രതിരോധിച്ചിട്ടുണ്ട്. അന്ന് മുഖ്യമന്ത്രി പ്രതിപക്ഷ നേതാവുമായാണ് സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നത്. ഇന്ന് അത്തരം സാഹചര്യമുണ്ടോയെന്ന് രാജീവ് ചോദിച്ചു.

## റോഡിലെ കുഴിയിൽ വീണ് സ്കൂട്ടർ മറിഞ്ഞു; ലോറി കയറിയിറങ്ങി വീട്ടമ്മയ്ക്ക് ദാരുണാന്ത്യം

മുംബൈ: മഹാരാഷ്ട്രയിലെ താനെയിൽ റോഡിലെ കുഴിയിൽ സ്കൂട്ടർ വീണ് മറിഞ്ഞ് റോഡിലേക്ക് തെറിച്ചുവീണ വീട്ടമ്മ ലോറി കയറി മരിച്ചു. സുനിത അക്ഷയ്ലാൽ പാൽ (46) ആണ് മരിച്ചത്. സംഭവത്തിൽ ഭർത്താവ് അക്ഷയ്ലാൽ പാലിന് പരിക്കേറ്റു.

ഇരുവരും സ്കൂട്ടറിൽ ഭിവണ്ടിയിലെ പുതിയ ഫ്ലാറ്റ് കാണാൻ പോകുന്നതിനിടെയാണ് അപകടം സംഭവിച്ചത്. മഴ വെള്ളം നിറഞ്ഞു കിടന്നതിനാൽ റോഡിലെ കുഴി അക്ഷയ്പാലിന് കാണാൻ കഴിഞ്ഞിരുന്നില്ല. ഇതിൽ സ്കൂട്ടർ വീണ് നിയന്ത്രണം വിട്ട് മറിയുകയായിരുന്നു. അക്ഷയ്ലാൽ റോഡരികിലേക്ക് തെറിച്ച് വീണ് പരിക്കുകളോടെ രക്ഷപ്പെട്ടെങ്കിലും, സുനിത വീണത് റോഡിൻറെ മധ്യഭാഗത്തേക്കായിരുന്നു. ഈ സമയം പിന്നാലെ വന്ന ലോറി സുനിതയുടെ ശരീരത്തിലൂടെ കയറിയിറങ്ങുകയായിരുന്നു. സുനിത സംഭവസ്ഥലത്തുതന്നെ മരിച്ചു. പരിക്കേറ്റ അക്ഷയ്ലാൽ ആശുപത്രിയിൽ ചികിത്സയിലാണ്. വിവരമറിഞ്ഞ് പോലീസെത്തി മേൽനടപടികൾ സ്വീകരിച്ചു. മൃതേദഹം പോസ്റ്റ്മോർട്ടത്തിനായി മാറ്റി. സംഭവത്തിൽ പോലീസ് കേസെടുത്ത് അന്വേഷണം നടന്നുവരികയാണ്.

# പാണക്കാട്ടെ വൻ മണ്ണിടിച്ചിൽ മന്ത്രി കുഞ്ഞാലിക്കുട്ടിയുടെ വീടിനു മീറ്ററുകൾ അകലെ

മലപ്പുറം: മലപ്പുറത്തിനടുത്തു പാണക്കാട് എടായിപാലത്ത് വൻ മണ്ണിടിച്ചിലുണ്ടായത് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടിയുടെ വീടിനു മീറ്ററുകൾ അകലെ. സ്ഥലത്തുണ്ടായിരുന്ന മാധ്യമപ്രവർത്തകർ അടക്കമുള്ളവർ തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. കുന്നിടിഞ്ഞു വീണതിനെത്തുടർന്നു പരപ്പനങ്ങാടി–നാടുകാണി സംസ്ഥാന പാതയായ ഈ മേഖലയിൽ ഗതാഗതം പൂർണമായി തടസപ്പെട്ടു. ഇന്നലെ രാവിലെയാണ് അപകടമുണ്ടായത്.

റോഡരികിലെ കുന്നിൽ മരങ്ങളും തെങ്ങുകളും ചേർന്ന കുന്നിൻറെ വലിയൊരു ഭാഗം അടർന്ന് താഴെക്ക് നീങ്ങി റോഡ് കവിഞ്ഞ് മണ്ണ് കടലുണ്ടിപ്പുഴയുടെ കൈവരിയിലൂടെ മീതെ പുഴയിലേക്ക് പതിക്കുകയായിരുന്നു.

അപകടത്തിൽ റോഡരികിലെ വൈദ്യുത പോസ്റ്റുകൾ തകർന്നു. സംഭവസമയത്ത് റോഡിൽ വാഹനങ്ങളോ കാൽനടയാത്രക്കാരോ കുറവായിരുന്നതിനാലും ഈ മേഖലയിൽ ആൾതാമസവുമില്ലാത്തതിനാലും വലിയ ദുരന്തമാണ് ഒഴിവായത്. വ്യവസായ മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടിയുടെ കാരാത്തോട്ടിലെ വസതിക്കു തൊട്ടുമുമ്പ് ഏതാനും മീറ്റർ അകലെയായിരുന്നു മണ്ണിടിച്ചിൽ ഉണ്ടായത്.

കനത്ത മഴയെ തുടർന്നാണ് കുന്നിൻഭാഗം ഇടിഞ്ഞു വീണതെങ്കിലും പ്രദേശത്തു മാസങ്ങളായി നടന്നുവരുന്ന വ്യാപകമായ മണ്ണെടുപ്പും കുന്നിടിക്കലും ദുരന്തത്തിന്റെ തീവ്രത വർധിപ്പിച്ചെന്നാണ് നാട്ടുകാർ പറയുന്നത്. മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലത്തിന് സമീപത്ത് കെട്ടിട നിർമാണത്തിനായി വ്യാപകമായി മണ്ണെടുക്കുന്നുണ്ടെന്നും മറ്റൊരു ഭാഗത്തു പെട്രോൾ പമ്പ് നിർമാണത്തിനായും മണ്ണെടുപ്പ് നടക്കുന്നതായും നാട്ടുകാർ പറഞ്ഞു.

ദൃശ്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനിടെ കൈരളി ടിവി മലപ്പുറം വാർത്താസംഘം അപകടത്തിൽ നിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടു. മണ്ണിടിച്ചിൽ നടന്ന സ്ഥലത്ത് നിന്ന് തത്സമയ സംപ്രേഷണം നടത്തുന്നതിനിടെയാണ് വീണ്ടും മണ്ണിടിച്ചിൽ ഉണ്ടായത്.

കൈരളിയുടെ റിപ്പോർട്ടർ സ്വാലിഹ് ലൈവായി റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ടിരിക്കുമ്പോഴാണ് മലമുകളിൽനിന്നു വലിയ തോതിൽ മണ്ണും ചെളിയും കല്ലുകളും താഴെക്ക് പതിച്ചത്. അപകടസാധ്യത മനസിലാക്കിയ വാർത്താസംഘം രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും കാമറാമാൻ ജയേഷ് വില്ലോടിയും ഡ്രൈവർ സാഫത്തും ഏകദേശം 200 മീറ്ററോളം മണ്ണിലൂടെ റോഡിലൂടെ ഒഴുകിപ്പോയി. സമീപത്തുണ്ടായിരുന്നവർ ഇടപെട്ടതിനാലാണ് തൊട്ടടുത്തുള്ള കടലുണ്ടി പുഴയിലേക്ക് ഒഴുകിപ്പോകാതെ ഇവർ രക്ഷപ്പെട്ടത്.

## മുതലപ്പൊഴിയിൽ കടലിൽ കാണാതായവർക്കായി തെരച്ചിൽ വൈകി

തിരുവനന്തപുരം: അഞ്ചുതെങ്ങ് മുതലപ്പൊഴിയിൽ മത്സ്യബന്ധന വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളികളെ കാണാതായ സംഭവത്തിൽ ജനകീയ പ്രതിഷേധത്തിനൊടുവിൽ തെരച്ചിൽ ഊർജിതമാക്കി അധികൃതർ. അഞ്ചുതെങ്ങ് സ്വദേശികളായ ശ്രീജിത്ത് (28), ശ്രീമോൻ (25) എന്നിവരെയാണ് കഴിഞ്ഞ ദിവസം രാത്രിയിൽ മുതലപ്പൊഴിയ്ക്ക് സമീപത്തെ അഴിമുഖത്ത് വച്ച് ശക്തമായ തിരയിൽപ്പെട്ട് കടലിൽ വീണ് കാണാതായത്. അഞ്ചുപേരടങ്ങുന്ന സംഘമാണ് മത്സ്യബന്ധനത്തിന് പോയത്. ഒപ്പമുണ്ടായിരുന്ന മൂന്നു പേർ നീന്തി കരയ്ക്കു കയറി. എന്നാൽ ശ്രീജിത്തിനെയും ശ്രീമോനെയും കാണാതാകുകയായിരുന്നു.

മത്സ്യത്തൊഴിലാളികളെ കാണാതായ വിവരം ബന്ധുക്കളും മറ്റ് തൊഴിലാളികളും കോസ്റ്റൽ പൊലീസിനെ അറിയിച്ചു. കാലാവസ്ഥ മോശമാണെന്നും തെരച്ചിലിന് വെളിച്ചമില്ലെന്നും പറഞ്ഞ് കോസ്റ്റൽ പൊലീസും അധികൃതരും അലംഭാവം കാട്ടിയെന്ന് നാട്ടുകാർ ആരോപിച്ചു.

ഇതേ തുടർന്ന് ഇന്നലെ രാവിലെ നാട്ടുകാരും മത്സ്യത്തൊഴിലാളികളുടെ ബന്ധുക്കളും ചേർന്ന് കോസ്റ്റൽ പൊലീസ് സ്റ്റേഷൻ ഉപരോധിച്ചു. ഹാർബർ വിഭാഗം അസിസ്റ്റൻറ് എൻജിനിയറും രമ്യഹരിദാസ് എംഎൽഎയും മത്സ്യത്തൊഴിലാളികളുമായി ചർച്ച നടത്തി. തെരച്ചിൽ ഊർജിതമാക്കാമെന്ന ഉറപ്പിനെ തുടർന്ന് നാട്ടുകാർ പ്രതിഷേധം അവസാനിപ്പിക്കുകയായിരുന്നു. തുടർന്ന് കോസ്റ്റ്ഗോർഡും ഫയർഫോഴ്സും ഉൾപ്പെടെയുള്ള സംഘം തെരച്ചിൽ ഊർജിതമാക്കി.

മുഖ്യമന്ത്രി വി. ഡി. സതീശൻറെ ആവശ്യപ്രകാരം കൊച്ചിയിൽ നിന്നു നേവിയുടെ ഉദ്യോഗസ്ഥരും തെരച്ചിലിൽ പങ്കെടുത്തു. ഹെലികോപ്ടർ മുഖേനയും തെരച്ചിൽ ആരംഭിച്ചു. രമ്യഹരിദാസ് എംഎൽഎക്ക് പുറമെ ചിറയിൻകീഴ് താലുക്ക് തഹസിൽദാർ, ആറ്റിങ്ങൽ ഡിവൈഎസ്പി, ഫിഷറീസ് ഉദ്യോഗസ്ഥർ, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് അധികൃതർ, ബ്ലോക്ക് പഞ്ചായത്ത് അധികൃതരും രാവിലെ മുതൽ സ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. മുതലപ്പൊഴിയിലെ അശാസ്ത്രീയമായ നിർമ്മാണത്തെ തുടർന്ന് കഴിഞ്ഞ പതിനഞ്ച് വർഷക്കാലത്തിനിടെ 150 ൽപരം മത്സ്യത്തൊഴിലാളികളാണ് മരണപ്പെട്ടത്.

മുഖ്യമന്ത്രി വി. ഡി. സതീശനും ഫിഷറീസ് മന്ത്രി വി. എ. അബ്ദുൾ ഗഫൂറും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയും രക്ഷാപ്രവർത്തനങ്ങൾക്ക് വേണ്ട എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നിർദേശം നൽകിയെന്നും രമ്യ ഹരിദാസ് എംഎൽഎ ദീപികയോട് പറഞ്ഞു.

# വിഴിഞ്ഞത്ത് രണ്ടു പേരെ കടലിൽ കാണാതായി നിരവധി പേർ ഉൾക്കടലിൽ കുടുങ്ങിയതായി മത്സ്യത്തൊഴിലാളികൾ

വിഴിഞ്ഞം: കാറ്റിലും കടൽ ക്ഷോഭത്തിലും പെട്ട് രണ്ട് മത്സ്യത്തൊഴിലാളികളെ കാണാതായി. കടലിൽ അകപ്പെട്ട മൂന്ന് പേരെ തീരദേശ പൊലിസും മറൈൻ എൻഫോഴ്സ്മെൻറും രക്ഷപ്പെടുത്തി.

മറ്റ് നിരവധി പേർക്ക് മറ്റു വള്ളക്കാർ രക്ഷകരായി. നിരവധി പേർ ഉൾക്കടലിൽ ഇനിയും കുടുങ്ങിക്കിടക്കുന്നതായി മത്സ്യത്തൊഴിലാളികൾ. ഇന്നലെ വൈകുന്നേരം വരെയും ഉൾക്കടലിൽ പോയവരെക്കുറിച്ചുള്ള വ്യക്തത വരുത്താൻ അധികൃതർക്കായില്ല. അടിമലത്തുറ അമ്പലത്തും മൂല സ്വദേശി ആൻറണി (60), പുല്ലുവിള ഇരയിമ്മൻ തുറ സ്വദേശി ജോൺ മത്യാസ് (63) എന്നിവരെയാണ് കാണാതായത്.

വള്ളം മറിഞ്ഞ് പരിക്കേറ്റ വലിയതുറ കൊച്ച് തോപ്പ് സ്വദേശികളായ ജോയി മാർക്കോസ് (57), റെക്സി (60), അഖിൽ (26) എന്നിവരെ തമിഴ്നാട് ട്രോളർ ബോട്ടുകാർ രക്ഷപ്പെടുത്തി. മത്സ്യബന്ധന സീസൺ ആയതിനാൽ ആയിരക്കണക്കിന് വള്ളങ്ങളാണ് മീൻ പിടുത്തത്തിനായി വിഴിഞ്ഞത്ത് നങ്കൂരമിട്ടിരുന്നത്. തെളിഞ്ഞ ആകാശുമായിരുന്നതിനാ വെള്ളിയാഴ്ച ഉച്ച മുതൽ നൂറ് കണക്കിന് വള്ളങ്ങൾ മീൻ പിടുത്തം ലക്ഷ്യമാക്കി കടലിൽ ഇറങ്ങിയിരുന്നു.

കാണാതായ ആൻറണി മൂത്ത മകൻ ബിനുവിൻറെ വള്ളത്തിൽ സഹപ്രവർത്തകരായ ക്ലീറ്റസ്, മേരി ദാസൻ എന്നിവർക്കൊപ്പം വെള്ളിയാഴ്ച വൈകുന്നേരം നാലരയോടെയാണ് വിഴിഞ്ഞത്തു നിന്ന് പുറപ്പെട്ടത്. പുല്ലുവിള സ്വദേശി മനോജിൻറെ സെൻറ് ജേക്കബ്ബ് എന്ന വള്ളത്തിൽ വെള്ളിയാഴ്ച ഉച്ചക്ക് ഒന്നരയോടെ മറ്റ് നാല് പേർക്കൊപ്പമാണ് ജോണി മത്യാസ് കടലിലേക്ക് പുറപ്പെട്ടത്. വിഴിഞ്ഞത്ത് നിന്ന് 18 കിലോമീറ്റർ തെക്ക് പടിഞ്ഞാറ് മാറി വലവിരിക്കുന്നതിനിടയിലുണ്ടായ കടൽ ക്ഷോഭത്തിൽ വള്ളം മറിഞ്ഞു. നാല് പേരെ മറ്റ് വള്ളക്കാർ രക്ഷപ്പെടുത്തിയെങ്കിലും ജോണിയെ കാണാതാവുകയായിരുന്നു. രക്ഷപ്പെടാനുള്ള ശ്രമത്തിനിടയിൽ പലരും വള്ളങ്ങളും, വലകളും എൻജിനും ഉപേക്ഷിച്ച് മടങ്ങിയതായി മത്സ്യത്തൊഴിലാളികൾ പറയുന്നു.

ഒറ്റ ദിവസം കൊണ്ട് മീൻ പിടിത്തക്കാർക്ക് ലക്ഷക്കണക്കിന് രൂപയുടെ നഷ്ടവുമുണ്ടായി. കാണാതായവർക്കായി മറൈൻ എൻഫോഴ്സ്മെൻറും തീരദേശ പൊലീസും തീരസംരക്ഷണ സേനയും ഇന്നലെ വൈകുന്നേരം വരെ നടത്തിയ തെരച്ചിലിലും കണ്ടെത്താനായില്ല.

## മൂന്നു പേർക്ക് രക്ഷകരായത് തമിഴ് മത്സ്യത്തൊഴിലാളികൾ

വിഴിഞ്ഞം: തിരയടിയിൽ തകർന്ന വള്ളത്തിൽ പിടിച്ച് കിടന്ന് രക്ഷക്കായി യാചിച്ച മൂന്ന് പേരുടെ ജീവൻ രക്ഷിച്ചത് തമിഴ്നാട് ട്രോളർ ബോട്ടായിരുന്നു. കാറ്റും കോളും കൊണ്ട് പ്രക്ഷുബ്ധമായ കടലിൻറെ പിടിയിൽ നിന്ന് കൊച്ചു തോപ്പ് സ്വദേശികളായ ജോയി മാർക്കോസ്, റെക്സി, അഖിൽ എന്നിവർ രക്ഷപ്പെട്ടത് ഭാഗ്യം കൊണ്ട് മാത്രമായിരുന്നു.

ജോയി മാർക്കോസിൻറെ മകൻ വെട്ടുകാട് സ്വദേശി അരുണിൻറെ മേരിമാതാ എന്ന ബോട്ടിലാണ് മൂവർ സംഘം ഉൾക്കടൽ ലക്ഷ്യമാക്കി യാത്ര തിരിച്ചത്. രാത്രി പതിനൊന്ന് മണിയോടെ വീശിയടിച്ചകറ്റിലും ശക്തമായ തിരയടിയിലും വള്ളം മറിഞ്ഞു. വെള്ളത്തിൽ തെറിച്ച് വീണവർ കമിഴ്ന്ന് കിടന്ന വള്ളത്തിൽ പിടിമുറുക്കി.

കുറ്റാക്കൂരിരുട്ടിൽ ലക്ഷ്യമില്ലാതെ വിജനമായ കടലിൽ ഒഴുകുന്ന വള്ളത്തിൽ നിന്ന് രക്ഷക്കായി ആരെങ്കിലും വരുമെന്നുള്ള പ്രതീക്ഷയും ഒരു വേളയിൽ ഇല്ലാതായി. രക്ഷയ്ക്കായുള്ള ഇവരുടെ നിലവിളി കുറച്ചകലെ കൂടി പോവുകയായിരുന്ന തമിഴ്നാട് ബോട്ടുകാർ കേട്ടത് ഭാഗ്യമായി.

ബോട്ടടുപ്പിച്ച മത്സ്യത്തൊഴിലാളികൾ അവശരായ മൂന്ന് പേരെയും രക്ഷപ്പെടുത്തി ബോട്ടിൽ കയറ്റി. വിവരമറിഞ്ഞ് വിഴിഞ്ഞത്ത് നിന്ന് എത്തിയ അധികൃതർ ഏറ്റുവാങ്ങിയ ഇവരെ വിഴിഞ്ഞം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തുടർന്ന് കൂടുതൽ ചികിത്സക്കായി മൂന്ന് പേരെയും ജനറൽ ആശുപത്രിയിലേക്ക് മാറ്റി.

## പ്രിയദർശിനി ഇടിച്ചു മരിച്ചത് മകളെ ബസ് കയറ്റി വിടാനെത്തിയ യുവതി

പുതുക്കാട് (തൃശൂർ): മകളെ ബസ് കയറ്റിവിട്ട ശേഷം സ്കൂട്ടറിനടുത്തേക്കു നടന്നുപോയ യുവതി കെഎസ്ആർടിസി ബസ് ഇടിച്ചു മരിച്ചു. പുതുക്കാട് കാഞ്ഞൂർ സ്വദേശി പൊരന്തരപ്പിള്ളി വീട്ടിൽ റോയ്സൻറെ ഭാര്യ സിന്ധു(48)വാണ് മരിച്ചത്.

തിങ്കളാഴ്ച രാവിലെ ഏഴോടെ പുതുക്കാട് സെൻററിലായിരുന്നു അപകടം. ചാലക്കുടിക്കു പോവുകയായിരുന്ന പ്രിയദർശിനി ബസാണ് അപകടത്തിൽപ്പെട്ടത്. പുതുക്കാട് സ്റ്റോപ്പിൽനിന്ന് മുന്നിലേക്കെടുക്കുന്നതിനിടെ ബസ് ഡ്രൈവർക്കു തലക്കറക്കം അനുഭവപ്പെട്ടെന്നു പറയുന്നു. നിയന്ത്രണം വിട്ട ബസ് വഴിയോരത്തു കൂടി നടന്നുപോകുകയായിരുന്ന സിന്ധുവിനെ ഇടിച്ചു തെറിപ്പിച്ച ശേഷം ദേശീയപാതയോരത്തുള്ള ചായക്കടയിലേക്ക് ഇടിച്ചുകയറി. റോഡിൽ വീണ സിന്ധുവിൻറെ തലയിലൂടെ ബസിൻറെ പിൻചക്രങ്ങൾ കയറിയിറങ്ങി. ബസ് പാഞ്ഞുവരുന്നതു കണ്ട് ചായക്കടയുടെ മുൻപിൽ നിന്നിരുന്ന ആൾക്ക് ഓടിമാറുന്നതിനിടെ വീണു പരിക്കേറ്റു.

ചായക്കടയുടെ കോൺക്രീറ്റ് ഭിത്തിയിൽ ഇടിച്ചാണ് ബസ് നിന്നത്. പരിക്കേറ്റ സിന്ധുവിനെയും ബസ് ഡ്രൈവറെയും നാട്ടുകാർ പുതുക്കാട് താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും സിന്ധു മരിച്ചു. രാജഗിരി ആശുപത്രിയിൽ ജോലി ചെയ്യുന്ന മകൾ ആൻ മരിയയെ ബസ് കയറ്റിവിട്ട ശേഷം നടന്നുവരുന്നതിനിടെയാണ് അപകടം. കനത്ത മഴയെത്തുടർന്ന് സീജി റോഡിനു സമീപം സ്കൂട്ടർ നിർത്തിയ ശേഷം മകൾ ധരിച്ചിരുന്ന മഴക്കോട്ട് തിരികെ വാങ്ങാനാണ് സിന്ധു ബസ് സ്റ്റോപ്പിലേക്കു പോയത്. സാധാരണ ദിവസങ്ങളിൽ ദേശീയപാതയ്ക്കു സമീപത്തുള്ള റോഡുവരെയാണ് സിന്ധു മകളുമായി എത്താറുള്ളത്. പുതുക്കാട് സ്റ്റാൻഡിൽ നിന്നെടുത്ത ബസായതുകൊണ്ട് ഒരു യാത്രക്കാരി മാത്രമാണ് ബസിൽ ഉണ്ടായിരുന്നത്. നിയന്ത്രണം വിട്ട ബസ് ഓട്ടോ സ്റ്റാൻഡിന് ഇടയിലൂടെ പാഞ്ഞാണ് ചായക്കട പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്ക് ഇടിച്ചുകയറിയത്.

## ഡാമുകളിൽ നിന്ന് വെള്ളമൊഴുക്കുന്നു എന്നത് വ്യാജ പ്രചാരണം: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തെ ഡാമുകളിലെ ജലനിരപ്പുമായി ബന്ധപ്പെട്ട് നിരവധി വ്യാജ പ്രചാരണങ്ങൾ നടക്കുന്നുവെന്ന് മുഖ്യമന്ത്രി വി. ഡി. സതീശൻ. പല ഡാമുകളിലും ജലനിരപ്പ് വളരെ താഴെയാണ്. ജലം ഡാമുകളിൽ നിന്ന് ഒഴുക്കിവിടുന്നുവെന്നത് വ്യാജ പ്രചാരണമാണ്. ആശങ്ക പരത്തുന്ന ഇത്തരം വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നടപടിയെടുക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പത്തനംതിട്ട ജില്ലയിലെ ചില പ്രദേശങ്ങൾ ഒഴികെ സംസ്ഥാനത്തെ മഴയുടെ സാഹചര്യങ്ങൾ നിയന്ത്രണ വിധേയമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞ ദിവസം സംഭവിച്ചത് മിന്നൽ പ്രളയമായിരുന്നുവെന്നും രാത്രി വരെ മുന്നറിയിപ്പ് ഇല്ലായിരുന്നുവെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. എൻഡിആർഎഫ് സംഘങ്ങളും ദുരിതാശ്വാസ ക്യാമ്പുകളും ഭക്ഷണപ്പൊതികളും എല്ലാം തയാറാണ്. പത്തനംതിട്ടയിൽ പ്രത്യേക സന്നാഹങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സമീപ ജില്ലകളിൽ നിന്ന് കൂടുതൽ മത്സ്യബന്ധന ബോട്ടുകൾ ഉൾപ്പെടെ പത്തനംതിട്ടയിലേക്ക് എത്തുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.